Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 6 No. 3, 15 March 2018

എഡിറ്റോറിയൽ

# എന്തിനീ പാഴ്ച്ചെലവ്?

**കു**റേ വർഷങ്ങൾക്കുമുമ്പ് അബു എബ്രാഹം വരച്ച ഒരു കാർട്ടൂൺ ഇൻഡ്യൻ എക്സ്പ്രസ്സിൽ ഉണ്ടായിരുന്നു. ഒരു വി.വി.ഐ.പി. ഏതോ പൊതുസ്ഥലത്ത് ഒരു വൃക്ഷത്തൈ നട്ട് ലോകപരിസ്ഥിതിദിനാഘോഷം ഉദ്ഘാടനം ചെയ്യുന്ന ചിത്രം. അതിന്റെ അടിക്കുറിപ്പ് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്താൽ ഇങ്ങനെ“ഈ സുദിനത്തിൽ ഒരു വൃക്ഷത്തൈ നട്ട് ഈ ഉത്സവപരിപാടി ഉദ്ഘാടനം ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതേ സ്ഥാനത്തുതന്നെ ഇതേ വിധത്തിൽ ഞാൻ ഈ മംഗളകർമ്മം നിർവ്വഹിക്കുന്നത് തുടർച്ചയായ അഞ്ചാം വർഷമാണെന്നോർക്കുമ്പോൾ എന്റെ സന്തോഷം പതിന്മടങ്ങു വർദ്ധിക്കുകയാണ്.” നമ്മുടെ പരിസ്ഥിതി ദിനാഘോഷരീതി സംബന്ധിച്ച ഏറ്റവും കടുത്ത വിമർശനമായി ഇതിനെകാണുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. പത്തുപുറങ്ങൾ നിറഞ്ഞ നെടുങ്കൻ വിമർശനത്തേക്കാൾ ഈർച്ചയും മൂർച്ചയും ഇത്തരം കാർട്ടൂണുകൾക്കുണ്ട് എന്ന് ആരും സമ്മതിക്കും.

ആത്മാർത്ഥതയൊ, പ്രായോഗിക ബുദ്ധിയൊ ഒട്ടുമില്ലാതെ സർക്കാർ പരകോടികൾ പാഴ്ച്ചെലവിടുന്ന രംഗങ്ങളിലൊന്നാണ് വനവല്ക്കരണ സംരംഭം. 1986 ൽ ജൂൺ 5 ലോകപരിസ്ഥിതിദിനമായി ആഘോഷിക്കുവാൻ ആരംഭിച്ചതുമൂതൽക്കും അതിനുമുമ്പ് ജൂലൈ രണ്ടാം വാരം വനമഹോത്സവമായി ആചരിച്ചിരുന്നപ്പോഴും കേരളം ഈ മേഖലയിൽ ചെലവഴിച്ചിട്ടുള്ള പണവും അധ്വാനവും നട്ടുതീർത്ത സസ്യത്തൈകളും കണക്കിലെടുത്താൽ ഈ സംസ്ഥാനത്ത് ഒരിഞ്ചുപോലും ഭൂമി വനവല്ക്കരിക്കേണ്ടതായി അവശേഷിക്കുന്നുണ്ടാവില്ല. അത്രയേറെ തൈകൾ നാം നട്ടുകഴിഞ്ഞു. ഇതു സംബന്ധിച്ച് കൃത്യവും വ്യക്തവും സമഗ്രവുമായ കണക്കുകൾ ഒരിടത്തുനിന്നും ലഭ്യമല്ല. 2017 ലെ ലോക പരിസ്ഥിതിദിനാഘോഷം 30 വർഷം പിന്നിട്ടപ്പോൾ ഏകദേശം 305 കോടി രൂപ ചെലവിൽ 20 കോടിയോളം സസ്യങ്ങൾ കേരളത്തിൽ നട്ടുതീർത്തു എന്നാണ് ലഭിച്ചിട്ടുള്ള കണക്ക്. 2017 ൽ പരിസ്ഥിതിദിനാഘോഷത്തോടനുബന്ധിച്ച് ഒരു കോടി തൈകൾ നട്ട് നാം ലോക റിക്കോർഡു സൃഷ്ടിച്ചു. ഈ വർഷമാകട്ടെ അത് രണ്ടു കോടിയായി വർദ്ധിപ്പിച്ച് നിലവിലുള്ള റിക്കോർഡ് ഇരട്ടിയാക്കി പുതുക്കിക്കുറിക്കാനുള്ള തീവ്രശ്രമത്തിലുമാണ്.

എവിടെ നിന്നെല്ലാം തൈകൾ ശേഖരിച്ചെന്നും അവ എത്രയുണ്ടായിരുന്നെന്നും അവയുടെ വിതരണത്തിനും നടീലിനുമായി എന്തു തുക ചെലവഴിച്ചെന്നും മറ്റുമുള്ള ശരിയായ കണക്കുകൾ കൃഷി-വനവകുപ്പുകളിൽ നിന്ന് കിട്ടാനില്ലെന്നു സൂചിപ്പിച്ചല്ലോ. ലഭ്യമായ കണക്കുകൾ വിശ്വസിക്കാനും തരമില്ല. കാരണം, അവ ധനതത്വശാസ്ത്രമൊ, പണപ്പെരുക്ക നിരക്കോ, കൂലിവർദ്ധനവൊ ഒന്നുമായും പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന് 2001-’02 സാമ്പത്തിക വർഷത്തിൽ 8,27,841 വൃക്ഷത്തൈകൾ തയ്യാറാക്കി നൽകിയതിന് സർക്കാർ ഫാമുകൾക്ക് നൽകിയത് ഒരു കോടി 67 ലക്ഷം രൂപയായിരുന്നു. എന്നാൽ 2013-14 ൽ പത്തു ലക്ഷത്തിലേറെ തൈകൾക്ക് ചെലവായി കാണുന്നത് 70 ലക്ഷം രൂപ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**എന്തിനീ പാഴ്ച്ചെലവ്?** ................................ 1

**സഭാസമാധാനം:**
**വീണ്ടും ചില ചിന്തകൾ** ................................ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**റഷ്യൻ വിപ്ലവത്തിന് എന്താണ്**
**പ്രസക്തി?** ................................ 7
ഇ.എ. കരുണാകരൻ നായർ

**സ്നേഹം കർത്തവ്യത്തിനുപരിയാണ്**
**(LOVE IS BEYOND DUTY)** ................................ 9
വി.പി.

**പരിവർത്തിത ജീവിതമാണ്**
**ക്രിസ്തീയ സാക്ഷ്യം** ................................ 10
ഡോ. തോമസ് മാർ അത്താനാസ്യോസ്

**സമാധാനം** ................................ 12
ജോയി മേങ്കോട്ടിൽ

**പരിവർത്തനം** ................................ 13
എം. സൈമൺ

**ദർശനങ്ങൾ ഇല്ലാതാകുമ്പോൾ** ................................ 14
ഫാ. എ.എം. ഉലഹന്നാൻ ഏറാടികുന്നേൽ


മാത്രമാണ്! ഈ കണക്കനുസരിച്ച് 2001-02 ൽ ശരാശരി ഒരു തൈക്ക് ചെലവ് 20 രൂപ ആയിരുന്നെങ്കിൽ 12 വർഷങ്ങൾക്ക് ശേഷം അത് കേവലം 7 രൂപയായി കുറഞ്ഞു. ഇതെങ്ങനെയാണ് വിശ്വസിക്കാനാവുക? പരിസ്ഥിതി ദിനാഘോഷങ്ങളോട് ബന്ധപ്പെട്ട കണക്കുകൾ സൂക്ഷ്മ പരിശോധനയ്ക്കു വിധേയമാക്കിയാൽ ഇത്തരം പൊരുത്തക്കേടുകൾ ഉടനീളെ കാണാം. ഈ സംരംഭത്തിനായി പണം ചെലവഴിക്കുന്നതിലൊ, പദ്ധതിയുടെ ഫലസിദ്ധിയിലൊ യാതൊരു കൃത്യതയും ഗൗരവബോധവും സർക്കാരിനൊ ഉദ്യോഗസ്ഥ സമൂഹത്തിനൊ ഇല്ല.

പത്തുവർഷത്തെ പരിസ്ഥിതി ദിനാഘോഷങ്ങൾക്കു ശേഷം 1995-ൽ ഞങ്ങളുടെ ജില്ലയിലെ സ്കൂൾ വളപ്പുകളിൽ ജീവനോടെ അവശേഷിച്ചിരുന്ന ഏക വൃക്ഷം ഞാൻ ജോലി ചെയ്തിരുന്ന സ്കൂളിലെ ഒരു മഹാഗണി മാത്രമായിരുന്നു എന്നാണ് അന്ന് അറിയാൻ കഴിഞ്ഞത്! ഇന്നാകട്ടെ അതില്ല. ഗേറ്റ് പണിയാൻ അതു മുറിച്ചുമാറ്റി!

സർക്കാർ പണം വാരിക്കോരി ചെലവഴിക്കുന്ന പല പദ്ധതികളുടെയും ദയനീയ പരാജയത്തിന് ഉദാഹരണമായിട്ടാണ് പരിസ്ഥിതി ദിനാചരണത്തെ ഇവിടെ എടുത്തുകാണിച്ചത്. പട്ടികജാതി, പട്ടികവർഗ്ഗക്കാർ, സാമ്പത്തിക ഭദ്രതയില്ലാത്ത മറ്റു വർഗ്ഗക്കാർ, രോഗികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, തൊഴിൽരഹിതർ മുതലായ പിന്നോക്ക വിഭാഗങ്ങൾക്കായി സർക്കാർ നൽകുന്ന ധനസഹായങ്ങൾ അധികവും അവരിലെത്തുന്നതില്ല എന്നതാണ് സത്യം. 1960 കളുടെ ആദ്യപാദത്തിൽ ഒരു ചെറുപ്പക്കാരൻ ഹൈറേഞ്ച് മേഖലയിലെ ഒരു സർക്കാർ യു.പി. സ്കൂളിൽ പ്രധാനാധ്യാപകനായി നിയമിക്കപ്പെട്ടു. വിദ്യാർത്ഥികളിൽ 90% പേരും ലംപ്സംഗ്രാന്റ്, പട്ടികജാതി സ്കോളർഷിപ്പ് തുടങ്ങിയ സർക്കാർ ആനുകൂല്യങ്ങൾക്ക് അർഹരാണ്. ഹെഡ്മാസ്റ്റർ യഥാസമയം ബിൽ എഴുതി സമർപ്പിച്ച് പണം വാങ്ങിയശേഷം വിതരണം ചെയ്യുന്നതിനായി കുട്ടികളോടൊപ്പം രക്ഷാകർത്താക്കളെയും വരുത്തി. ആദ്യത്തെ ആൾ അക്വിറ്റൻസ് ഒപ്പിട്ടു കഴിഞ്ഞപ്പോൾ മാസ്റ്റർ തുക അയാളുടെ കൈയിൽ വച്ചുകൊടുത്തു. ആശ്ചര്യത്തോടെ അയാൾ പറഞ്ഞു "ഇതിനുമുമ്പും ഇതുപോലെ ഒപ്പിട്ടുകൊടുത്തിട്ടുണ്ട്. എന്നാൽ അന്നൊന്നും പണം ലഭിച്ചിട്ടില്ല. ഇന്നെന്താ ഇങ്ങനെ?" കാര്യം മനസ്സിലാക്കിയ ഹെഡ്മാസ്റ്റർ ഉള്ളിലൂറിയ ചിരിയോടെ പറഞ്ഞു, "ഇതു പുതിയൊരു പദ്ധതിയാണ്". മുൻഗാമികളുടെ മുഖത്ത് കരി തേക്കരുതല്ലോ!

ഒരു വികസ്വര രാജ്യത്തിന്റെ സർവ്വതോന്മുഖമായ വികസനം മുന്നിൽ കണ്ടുകൊണ്ട് പ്രായോഗികമായി പദ്ധതി രൂപീകരണവും കാര്യക്ഷമമായ നടപ്പാക്കലും നമ്മുടെ രാജ്യത്ത് പതിവില്ലെന്നു പറയാതിരിക്കാൻ വയ്യ. രാഷ്ട്രീയ സ്വാതന്ത്ര്യം പ്രാപിച്ചിട്ട് ഏഴു പതിറ്റാണ്ടുകൾ

*(ശേഷം 6-ാം പേജിൽ)*

**മെത്രാപ്പോലീത്തായുടെ കത്ത്**

# സഭാസമാധാനം: വീണ്ടും ചില ചിന്തകൾ

മലങ്കര സഭയുടെ ഐക്യവും സമാധാനവും സംബന്ധിച്ച് ഇനിയും എന്തെങ്കിലും എഴുതിയിട്ടു കാര്യമില്ല എന്ന നിഗമനത്തിൽ ഞാൻ എത്തിയതാണ്. ഇരുപക്ഷത്തുമുള്ള സമാധാനവിരുദ്ധർ സഭൈക്യശ്രമങ്ങൾ അട്ടിമറിക്കാൻ പരസ്പരം മത്സരിക്കുന്ന സാഹചര്യത്തിൽ എഴുത്തിന് പ്രസക്തിയില്ല എന്ന ഉൾബോധമാണ് എന്നിൽ ഈ അനാസ്ഥ ഉളവാക്കിയത്. അതുകൊണ്ട് കഴിഞ്ഞ രണ്ടു ലക്കങ്ങളിലെ കത്തുകൾ മഹത്തായ റഷ്യൻ വിപ്ലവത്തെ സംബന്ധിച്ചാകട്ടെ എന്നു വച്ചു. വ്യക്തി-നിക്ഷിപ്തതാത്പര്യങ്ങൾ സഭാതാത്പര്യങ്ങളായി അവതരിപ്പിച്ച് കുളം കലക്കുമ്പോൾ നിസ്സഹായരാകുവാനേ സഭാസ്നേഹികൾക്ക് സാധിക്കൂ. ഏതായാലും സമാധാനത്തിനുള്ള ശബ്ദം നേർത്തില്ലാതാകരുതല്ലോ എന്നു കരുതി വീണ്ടും ഈ വിഷയം അവതരിപ്പിക്കുകയാണ്.

നീതിന്യായ കോടതിക്കെതിരെ അഴിമതി ആരോപണം ഉന്നയിക്കുന്നതും അതിന്റെ വിധിന്യായത്തിനെതിരെ ഭള്ളു പറയുന്നതും വിധികൾ ലംഘിക്കുവാൻ സഭാനേതാക്കന്മാർ ആഹ്വാനം ചെയ്യുന്നതും ജനാധിപത്യ സംവിധാനത്തെ തന്നെ അപകടപ്പെടുത്തുന്ന സമീപനമാണ്. തങ്ങൾ ആഗ്രഹിക്കുന്ന പ്രകാരം കോടതി വിധിച്ചില്ലെങ്കിൽ അത് നീതിന്യായ വ്യവസ്ഥിതിയുടെ കുറ്റം കൊണ്ടാണോ, അതോ കേസിൽ മെറിറ്റില്ലാഞ്ഞിട്ടാണോ എന്ന് അന്വേഷിക്കണം. 1958, 1995 എന്നീ വർഷങ്ങളിലെ സഭാ കേസ് വിധികളുടെ ആവർത്തനമല്ലേ 2017-ലും സംഭവിച്ചിട്ടുള്ളൂ? ചരിത്രം വിസ്മരിച്ച് വൈകാരികമായി ജനത്തെ ഇളക്കിവിട്ട് കലാപത്തിന് പ്രേരിപ്പിക്കുന്ന രീതിക്ക് ന്യായീകരണമില്ല. വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരായ മെത്രാന്മാർകൂടി ഈ നിലയിലേക്ക് തരം താഴ്ന്ന് സംസാരിക്കുമ്പോൾ സഭയെ അസമാധാനത്തിലേക്കും കലാപത്തിലേക്കുമാണ് അവർ നയിക്കുന്നത് എന്ന് ഓർക്കാതെ പോകുന്നു. സഭയിൽ നീതിപൂർവ്വകമായ ഒരു സമാധാനത്തിനുവേണ്ടി ആഗ്രഹിക്കേണ്ടവർ ഇങ്ങനെ സംസാരിക്കുന്നത് തികച്ചും ദുഃഖകരമാണ്. അതുപോലെ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയാർക്കീസിനെ സഹകരിപ്പിച്ചുകൊണ്ട് സഭാസമാധാനം വേണ്ട എന്നതും പുനഃപരിശോധിക്കേണ്ട നിലപാടാണ്. ഈ ശാഠ്യം നിലനില്ക്കുന്നിടത്തോളം കാലം സമാധാനം ഉണ്ടാകുക എളുപ്പമല്ല. കേസ്വഴി മാത്രം അവകാശ സ്ഥാപനവും സമാധാനസൃഷ്ടിയും ദുഷ്കരമാണ് എന്ന് ഇതിനോടകം വ്യക്തമായിക്കഴിഞ്ഞു. സഭ യോജിച്ചാൽ മാത്രമേ ഇടവകയുടെ പുനരൈക്യവും സാദ്ധ്യമാകൂ എന്ന് മനസ്സിലാക്കേണ്ടതാണ്. വിധി നടത്തിപ്പിന് ഏറ്റവും ചെലവ് കുറഞ്ഞതും ഫലപ്രദവുമായ വഴിയാണ് സഭയുടെ ഐക്യസ്ഥാപനം. വിധി നടത്തിപ്പിനു ശേഷം പുറത്തുപോകുന്ന വിശ്വാസികൾ എണ്ണം കുറവാണെങ്കിൽ പോലും സഭ അത് നഷ്ടമായി മനസ്സിലാക്കണം. അതുകൊണ്ട് വിശ്വാസികളെ സഭയ്ക്ക് നഷ്ടപ്പെടാതെയും എല്ലാവരേയും ഉൾക്കൊള്ളിച്ചും ഏറ്റവും ചെലവും സംഘർഷവും കുറച്ചും ഉള്ള വിധി നടത്തിപ്പിനുള്ള മാർഗ്ഗം സഭയുടെ യോജിപ്പാണെന്ന് തിരിച്ചറിയണം. ഈ ഒരു ലക്ഷ്യം നേടണമെങ്കിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ സഹകരണം തേടുന്നത് ആവശ്യമെങ്കിൽ അതിന് ശ്രമിക്കുന്നതാണ് ശരി.

ഇത് പ്രായോഗികമായ ഒരു നിർദ്ദേശമാണ്. പാത്രിയർക്കീസ് ബാവയില്ലാതെ മലങ്കരസഭയ്ക്ക് നിലനില്പ്പില്ല എന്ന ചിന്തകൊണ്ട് പറയുന്നതല്ല. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയുടെ സ്ഥാനം മലങ്കരസഭയുടെ നിലനില്പിന് അനിവാര്യമാണെന്ന് ചരിത്രബോധമുള്ള ആരും പറയുകയില്ല. കൂനംകുരിശ് സത്യത്തിനുശേഷമാണല്ലോ അന്ത്യോഖ്യാബന്ധം തുടങ്ങിയത്. കൂടാതെ അന്ത്യോഖ്യാ പാത്രിയർക്കീസും കിഴക്കിന്റെ കാതോലിക്കയുമെല്ലാം ചരിത്രത്തിന്റെ സൃഷ്ടികളാണ്. ആദിമനൂറ്റാണ്ടുകളിൽ ഈ സ്ഥാനങ്ങൾ ഒന്നുമില്ലായിരുന്നു. എപ്പിസ്കോപ്പയിൽ കൂടിയ ഒരു സഭാസ്ഥാനി ആദിമ സഭയിൽ ഉണ്ടായിരുന്നില്ല. സഭ നിലനിൽക്കണമെങ്കിൽ ഇന്നുള്ള ഉന്നത സ്ഥാനങ്ങൾ ഒന്നും അനിവാര്യമല്ല. അതുകൊണ്ട് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം നിലനിർത്താനല്ല ഈ നിർദ്ദേശം. പ്രത്യുത, മലങ്കര സഭയിലെ പാത്രിയർക്കീസ് വിഭാഗം പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ നിർദ്ദേശമില്ലാതെ സഭൈക്യത്തിൽ പങ്കുചേരുമെന്ന പ്രതീക്ഷ അസ്ഥാനത്താണ് എന്ന് ബോധ്യമുള്ളതുകൊണ്ടാണ് ഇത് പറയുന്നത്.

അതുകൊണ്ട് സഭൈക്യത്തിനും സമാധാനത്തിനുമുള്ള ലളിതവും ഋജുവുമായ മാർഗ്ഗം പാത്രിയർക്കീസ് ബാവയെ ഐക്യ-സമാധാനശ്രമങ്ങളിൽ ഇടപെടുത്താൻ സന്മനസ്സു കാണിക്കുകയാണ്.

കഴിഞ്ഞ സെപ്തംബർ മാസത്തിൽ അഭി. നിക്കോളാവോസ് തിരുമേനിയും ഞാനും കൂടി പരി. പാത്രിയർക്കീസ് ബാവയെക്കണ്ടപ്പോൾ കോടതിവിധിയനുസരിച്ച് സഭൈക്യം ഉണ്ടാക്കുന്നതിന് അദ്ദേഹം സർവ്വാത്മനാ സഹകരിക്കാമെന്നാണ് ഞങ്ങളെ അറിയിച്ചത്. അതിൻപ്രകാരം തുടർ നടപടികൾക്ക് സഭ സന്നദ്ധമാവുകയാണ് ചെയ്യേണ്ടിയിരുന്നത്. അതിനുപകരം ഞങ്ങളുടെ നടപടിയെ അപലപിക്കുവാനായിരുന്നു വ്യഗ്രത കാണിച്ചത്. തത്വത്തിൽ പാത്രിയർക്കീസ് ബാവ അംഗീകരിച്ച ഈ നിലപാട് യാഥാർത്ഥ്യമാക്കുവാൻ മലങ്കരസഭ ശ്രമിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. അത് അദ്ദേഹത്തിന്റെ സർവ്വാധിപത്യം ഇവിടെ നടപ്പിലാക്കുവാനായിരുന്നില്ല; നേരെമറിച്ച് സഭൈക്യത്തിൽ അദ്ദേഹത്തിന്റെ സഹകരണം ഉപയോഗപ്പെടുത്തി സഭയിൽ ഐക്യം സൃഷ്ടിക്കുക എന്ന ലക്ഷ്യമായിരുന്നു അതിന്റെ പിറകിൽ എന്നു മനസ്സിലാക്കുക. എന്നാൽ പാത്രിയർക്കീസിനെ വ്യക്തിപരമായി ആക്ഷേപിക്കുകയും അദ്ദേഹത്തെ ആദരിക്കുന്ന ജനത്തെ പരിഹസിക്കുകയും ചെയ്യുമ്പോൾ ഐക്യത്തിനുള്ള പാത തുറക്കപ്പെടില്ല. മറിച്ച് പാത്രിയർക്കീസിനെ ആദരിക്കുവാനും ഇവിടത്തെ പാത്രിയർക്കീസ് പക്ഷത്തെ വിശ്വാസികൾ അന്യരല്ല എന്ന് പറയുവാനും മലങ്കരസഭ തയ്യാറാകുമ്പോൾ പാത്രിയർക്കീസ് വിഭാഗത്തിലെ ജനത്തിന്റെ മനോഭാവത്തിൽ മാറ്റം വരും. പാത്രിയർക്കീസിനെ ആക്ഷേപിക്കുകയും അദ്ദേഹത്തെ ആദരിക്കുന്നവരുടെ മനസ്സിനെ മുറിപ്പെടുത്തുകയും ചെയ്യുമ്പോൾ അദ്ദേഹത്തെ ആദരിക്കുന്ന സമൂഹത്തെ മുഴുവൻ ഐക്യവിരുദ്ധരാക്കുകയാണ്. കാരണം, പാത്രിയർക്കീസ് ബാവയോട് വിശ്വസ്തത പുലർത്തുന്ന ജനം ഐക്യശ്രമത്തിൽ അദ്ദേഹം ആദരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നു. അദ്ദേഹത്തെ കളത്തിന് പുറത്ത് നിർത്തിയും അവഹേളിച്ചുമുള്ള ഐക്യശ്രമം ഫലപ്രാപ്തിയിൽ എത്തുകയില്ല എന്നു നാം തിരിച്ചറിയണം. നിരന്തരമായി പാത്രിയർക്കീസിനെ ആക്രമിക്കുന്നത് ഐക്യപ്രക്രിയ തകർക്കുവാനുള്ള ആസൂത്രിത ശ്രമമായി തിരിച്ചറിയേണ്ടതുണ്ട്. ഈ സമീപനം പാത്രിയർക്കീസ് പക്ഷക്കാരെ ഓർത്തഡോക്സ് സഭയ്ക്കും ഐക്യശ്രമത്തിനും എതിരെ ഒന്നിപ്പിക്കുവാൻ (consolidate ചെയ്യുവാൻ) സാഹചര്യമൊരുക്കും. അതാണിപ്പോൾ സംഭവിച്ചിരിക്കുന്നത്. അവർക്കിടയിലെ ഭിന്നതകൾ അവസാനിപ്പിച്ച് സഭൈക്യത്തിനെതിരെ അവർ സംഘടിച്ചിരിക്കുന്നു. നമ്മുടെ സഭാനേതൃത്വം ലക്ഷ്യമിട്ടതും ഇതുതന്നെയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പാത്രിയർക്കീസ് കക്ഷിയിലെ എപ്പിസ്കോപ്പൽ നേതൃത്വത്തിലുള്ളവർ ഓർത്തഡോക്സ് സഭയുടെ സമീപനം മുതലെടുക്കുകയാണ്. ആ വിഭാഗത്തിലെ മെത്രാന്മാരിൽ സഭൈക്യം ഉണ്ടാകണം എന്ന് ചിന്തിക്കുന്നവർ ആരെങ്കിലും ഉണ്ട് എന്നു തോന്നുന്നില്ല. ജനത്തെ വികാരപരമായ ചൂഷണത്തിന് ഉപയോഗിക്കുന്ന അവരുടെ ഭാഷ, ശൈലി, രീതികളെല്ലാം ഹിറ്റ്ലറിനെപ്പോലും കടത്തിവെട്ടുന്നതാണ്. ഇതൊരു സമര തന്ത്രമായിരിക്കും. എങ്കിലും നിലയും വിലയും വിട്ട് പ്രത്യാക്രമണം നടത്തി സഭയെ നശിപ്പിക്കുകയല്ല, പക്വതയും ബൗദ്ധികസത്യസന്ധതയും പുലർത്തി സഭയിൽ ഐക്യവും സമാധാനവും പുനസ്ഥാപിക്കുവാൻ ശ്രമിക്കുകയായിരുന്നു പാത്രിയർക്കീസ് കക്ഷിനേതൃത്വം ചെയ്യേണ്ടത്.

അതുകൊണ്ട് സഭയിൽ ഐക്യസൃഷ്ടി നടക്കണമെങ്കിൽ അതിന് സഹായകരമായ രീതിയിൽ പരിസരമൊരുക്കണം. അതിന് ഇരുകൂട്ടർക്കും ബാധ്യത ഉണ്ട്. കോടതിയിൽ തങ്ങളുടെ നിലപാട് അംഗീകരിക്കപ്പെട്ടില്ല എങ്കിലും അഭിമാനമുള്ളവർ ജയിച്ചവർക്ക് ഉപാധികളില്ലാതെ കീഴ്പ്പെട്ടുകൊണ്ട് ഐക്യത്തിന് ശ്രമിക്കും എന്ന് വിചാരിക്കരുത്. അന്ത്യോഖ്യാ പാത്രിയർക്കീസിനെ കോടതിവിധിപ്രകാരം അംഗീകരിക്കാൻ തയ്യാറാണ് എന്ന് മലങ്കരസഭ നിലപാട് എടുത്തിരുന്നു എങ്കിൽ പാത്രിയർക്കീസ് കക്ഷി നേതാക്കൾ പ്രതിരോധത്തിലാകുമായിരുന്നു. കേസ് വിധി എന്നത് തർക്കവിഷയങ്ങളുടെ പരിഹാരമാണെന്നും ഇതിൽ ജയതോൽവികൾ ഇല്ലെന്നും തർക്കങ്ങൾ പരിഹൃതമായ സാഹചര്യത്തിൽ അഭിമാനക്ഷതമില്ലാത്ത യോജിപ്പിന് (dignified merger) ആണ് മലങ്കര സഭ അഭിലഷിപ്പിക്കുന്നത് എന്നും പറയുവാൻ സഭ ആർജ്ജവം കാട്ടുന്നെങ്കിൽ അത് ഐക്യത്തിനുവേണ്ടിയുള്ള പരിസരസൃഷ്ടി നടത്തുമായിരുന്നു. ആദിമസഭയിൽ ഉണ്ടായ പിളർപ്പുകളിൽ എന്തെങ്കിലും യോജിപ്പുണ്ടായിട്ടുണ്ടെങ്കിൽ തുറന്ന മനസ്സോടെയുള്ള പരിഹാര അന്വേഷണം വഴി ആയിരുന്നു. ഈ തുറന്ന മനസ്സും പാത്രിയർക്കീസ് ബാവയേയും ആ പക്ഷത്തുള്ള മറ്റു നേതൃസ്ഥാനികളേയും ഐക്യപ്രക്രിയയിൽ സഹകരിപ്പിക്കുവാനുള്ള വിനയവും നാം പ്രകടിപ്പിച്ചിരുന്നു എങ്കിൽ സഭൈക്യത്തിനുള്ള അന്തരീക്ഷം തെളിയുമായിരുന്നു. മറി

ച്ചുള്ള സമീപനം മറുപക്ഷത്തെ ഇപ്പോൾ കാണുന്ന തരത്തിൽ കൂടുതൽ ശത്രുതയിലേക്കും വൈരാഗ്യബുദ്ധിയിലേക്കും നയിക്കുകയും ഐക്യശ്രമം കൂടുതൽ ദുഷ്കരമാക്കുകയുമാണ് ചെയ്യുന്നത്.

ഐക്യസാധ്യത മങ്ങുന്ന സാഹചര്യത്തിൽ തീർച്ചയായും നിയമനടപടികളിലേക്ക് സഭ നീങ്ങേണ്ടതുണ്ട്. ഇപ്പോൾ പള്ളികൾ ലക്ഷ്യമാക്കിയാണ് കേസ് നടക്കുന്നത്. അതിനുപകരം നിയമാനുസൃതം അംഗീകാരമില്ലാത്ത സഭാദ്ധ്യക്ഷന്മാർ പള്ളിഭരണത്തിൽ ഇടപെടുന്നതിനെതിരെയുള്ള നിരോധന ഉത്തരവുകൾ സമ്പാദിക്കുന്നതിനാണ് ശ്രമിക്കേണ്ടത്. അവർ ഇടവകകളിൽ പ്രവേശിക്കുന്നതിനും ഭരണത്തിൽ ഏർപ്പെടുന്നതിനും വിലക്കു വരുമ്പോൾ വിമതപക്ഷങ്ങളെ നേതാക്കന്മാർ പ്രതിസന്ധിയിലാകും. പള്ളികൾ തോറും നടക്കുന്ന കേസുകൾ ഇടവകയെപോലും ഐക്യത്തിലേയ്ക്ക് കൊണ്ടുവരാൻ സഹായകമാക്കുന്നില്ല. പള്ളികളിൽ സംഘർഷാവസ്ഥയും അംഗനഷ്ടവും സമൂഹത്തിൽ പ്രതിസാക്ഷ്യവുമാണ് സൃഷ്ടിക്കുന്നത്. അതുകൊണ്ട് കേസുകൾ വേണ്ടവിധം ഫലപ്രദമാകാതെയും പോകുന്നു. പല പള്ളികളിലും കേസിൽ കക്ഷിചേരാൻ സഭാംഗങ്ങൾ സന്നദ്ധരല്ല. സഭൈക്യത്തിന് വിമതനേതാക്കന്മാരെ പ്രേരിപ്പിക്കുന്നതിനായി അവർക്കെതിരെയാണ് കേസുകൾ നീക്കേണ്ടത്. ഇപ്പോൾ ഇവിടെ പാത്രിയർക്കീസ് പക്ഷത്തെ നിലനിർത്തുന്നതിനും അവരെ രക്ഷിക്കുന്നതിനുമുള്ള താല്പര്യമാണ് മലങ്കര സഭയ്ക്ക് ഉള്ളത് എന്ന ചിന്തയാണ് ജനിപ്പിക്കുന്നത്. കോട്ടയം ഭദ്രാസനത്തിലെ പാണമ്പടി പള്ളിയിൽ കേസ് നടത്തിയപ്പോൾ പ്രതികളായി ശ്രേഷ്ഠകാതോലിക്കയേയും പാത്രിയർക്കീസ് വിഭാഗത്തിലെ ഇടവക മെത്രാപ്പോലീത്തയേയും കക്ഷി ചേർത്ത് പള്ളിയിൽ അവരുടെ സാന്നിദ്ധ്യം ഫലപ്രദമായി തടയുവാൻ ശ്രമിച്ചില്ല. എന്നാൽ നിരോധനമുള്ളവരെ ഒഴിവാക്കി പാത്രിയർക്കീസിന്റെ പ്രതിനിധിയായി വന്ന മേൽപ്പട്ടക്കാരനെ പ്രതിയാക്കുകയാണുണ്ടായത്. കേസ് പാളി. അതായത് പ്രതിആക്കേണ്ടവരെ സംരക്ഷിച്ച് കേസ് പരാജയപ്പെടാൻ വഴിയുണ്ടാക്കി. പാത്രിയർക്കീസിന്റെ പ്രതിനിധിയെ തടയാനും കഴിഞ്ഞില്ല. ഫലമോ? പാത്രിയർക്കീസിനെ പ്രകോപിപ്പിച്ചു. പാത്രിയർക്കീസ് വിഭാഗത്തിന് സംഘടിക്കുവാൻ സൗകര്യമുണ്ടാക്കുകയും ചെയ്തു. തന്ത്രപരവും നിയമപരവുമായി കേസ് കൊണ്ടുപോകാത്തതു വഴി സ്വയം അപഹാസ്യരായി. മറുപക്ഷക്കാർ സംഘടിതരും. പാത്രിയർക്കീസ് ബാവ പ്രകോപിതനുമായി. ഒരു പക്ഷെ സഭാനേതൃത്വം മറുപക്ഷത്തെ പ്രകോപിപ്പിച്ച് ഐക്യശ്രമം തകർക്കുവാനാണോ ആഗ്രഹിക്കുന്നത് എന്ന സംശയവും ബാക്കിയായി.

സഭൈക്യത്തിനു ശ്രമിക്കുന്നവരെ അപമാനിക്കുകയും ഐക്യശ്രമങ്ങളെ തടസ്സപ്പെടുത്തുകയുമാണ് ഇരുപക്ഷവും ചെയ്യുന്നത്. 1995-ലെ കോടതിവിധിയ്ക്കുശേഷം പാത്രിയർക്കീസ് വിഭാഗത്തുണ്ടായിരുന്ന 4 മെത്രാപ്പോലീത്തന്മാർ ഐക്യത്തിന് നിലപാട് എടുത്തപ്പോൾ അവർക്കെതിരെ പാത്രിയർക്കീസ് പക്ഷത്തുനിന്ന് കൈയ്യേറ്റം വരെ നടന്നു. അവർ ഇന്ന് സഭൈക്യത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ അവരെ അവഹേളിക്കുന്നത് ഓർത്തഡോക്സ്കാരാണ്. കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ നടന്ന സുന്നഹദോസിൽ പാത്രിയർക്കീസ് ബാവയുമായി നടത്താൻ ഉദ്ദേശിച്ചിരുന്ന കൂടിക്കാഴ്ചയെപ്പറ്റിയുള്ള ആലോചന വിദഗ്ദ്ധമായി അട്ടിമറിക്കപ്പെട്ടു. ആ സാഹചര്യത്തിൽ സഭൈക്യത്തിനായി ദൈവം തന്ന അവസരം വേണ്ടവിധം ഉപയോഗപ്പെടുത്തണമെന്ന ഉൾപ്രേരണകൊണ്ട് നിക്കോളാവോസ് തിരുമേനിയും ഞാനും ഒരുമിച്ച് പരി. പാത്രിയർക്കീസ് ബാവയെ സന്ദർശിച്ചു. സംഭാഷണം വളരെ ഫലപ്രദമായിരുന്നു. കോടതിവിധിയുടെ ചട്ടക്കൂട്ടിൽ ഐക്യം പുനഃസ്ഥാപിക്കുന്നതിന് പാത്രിയർക്കീസ് തന്റെ പിന്തുണ പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ സകല ഔദ്യോഗിക ചുമതലകളും മാറ്റിവച്ചായിരുന്നു ചർച്ചകൾ. ബേയ്റൂട്ട് നഗരം ചുറ്റിക്കാണുന്നതിന് അദ്ദേഹം ഞങ്ങളെ അനുഗമിക്കുകയും ചെയ്തു. കാറിലിരുന്നും സഭാകാര്യങ്ങൾ തന്നെയായിരുന്നു ഞങ്ങളുടെ ചർച്ച. ഐക്യചർച്ചകൾ മുമ്പോട്ടുപോകാനുള്ള സാഹചര്യം സൃഷ്ടിച്ച ഈ സന്ദർശനം നിഷ്ഫലമാക്കാൻ ഇവിടെയുള്ള ഇരുകൂട്ടരും മത്സരബുദ്ധിയോടെ ശ്രമിച്ചു. ഇരുഭാഗത്തുമുള്ള ഐക്യവിരുദ്ധരുടെ കൂട്ടായ്മ വിജയം കണ്ടു.

നിരാശാജനകമായ സാഹചര്യമാണ് ഇരുകൂട്ടരും ചേർന്ന് സൃഷ്ടിച്ചിരിക്കുന്നത്. ഓർത്തഡോക്സ് സഭയിലെ ബഹുഭൂരിപക്ഷം ജനങ്ങളും വൈദീകരും മേൽപ്പട്ടക്കാരും ഇതിൽ അസംതൃപ്തരാണ്. നിയമപരമായോ ചർച്ചകൾ വഴിയോ ഫലപ്രദമായ ഐക്യത്തിന് ആവശ്യമായ പരിസര സൃഷ്ടിക്ക് പരാജയപ്പെടുന്ന ഈ സാഹചര്യത്തിലും പ്രത്യാശ കൈവിടാതെ ഉത്തരവാദിത്തപ്പെട്ടവർക്ക് സൽബുദ്ധിയും നിയോഗബോധവും ഉണ്ടാകുവാൻ പ്രാർത്ഥിക്കുക ഇപ്പോഴത്തെ ആവശ്യമാണ്. ദൈവീക ഇടപെടൽ ഉണ്ടാകുമെന്ന് പ്രത്യാശിക്കാം. മലങ്കര സഭയുടെ ഐക്യത്തിന് ദൈവം തന്ന അവസരം ദുരുപയോഗപ്പെ

ടുത്തുന്നത് ദൈവം തന്നെ തടയട്ടെ! കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഐക്യത്തിനുള്ള ചുറ്റുപാടുകൾ സൃഷ്ടിക്കപ്പെടുമ്പോൾ സ്വാഭാവികമായി സൗഹൃദവും യോജിപ്പും രൂപപ്പെടും. നിയമപ്രകാരം കാര്യങ്ങൾ നീങ്ങുമ്പോൾ പോലും പള്ളി പിടിക്കലല്ല ഐക്യത്തിന് വേണ്ടിയുള്ള നിയമനടപടികളാണ് അതെന്ന സന്ദേശമാണ് നൽകേണ്ടത്. ആദരവും സംവേദനക്ഷമതയും ആണ് പ്രകടമാക്കേണ്ടത്. ധാർഷ്ട്യവും മുറിവേല്പ്പിക്കലും കീഴ്പ്പെടുത്തലും ഒരിടത്തും സമാധാനം സൃഷ്ടിക്കുകയില്ല. പാത്രിയർക്കീസ് കക്ഷിയിലെ സഭാദ്ധ്യക്ഷന്മാരുടെ നിലവിട്ട സംസാരവും ഭിന്നത നിലനിർത്താനേ സഹായിക്കൂ. സഭൈക്യവിഷയവുമായി ബന്ധപ്പെട്ട് ഇരുകൂട്ടരും ശ്രദ്ധിക്കേണ്ട മറ്റു ചില കാര്യങ്ങൾ കൂടിയുണ്ട്.

1. മലങ്കരസഭയുടെ സ്വാതന്ത്ര്യം ഐക്യത്തിലൂടെ നഷ്ടപ്പെടുന്നില്ല. ഭരണഘടനയും കോടതിവിധികളും ഇതിന് സംരക്ഷണം നൽകുന്നു. ഇക്കാര്യം ഇന്ത്യൻ പൗരർ എന്ന നിലയിലും സഭയുടെ ഭാവിയെ പ്രതിയും പാത്രിയർക്കീസ് വിഭാഗം ഉപാധികൾ കൂടാതെ സമ്മതിക്കേണ്ടതാണ്.

2. സഭയിൽ ശാശ്വത സമാധാനമാണ് ഓർത്തഡോക്സ് വിഭാഗം ആഗ്രഹിക്കുന്നത് എന്നാണ് കേൾക്കുന്നത്. അതിന് കോടതിവിധികളോ ഉഭയ ഉടമ്പടികളോ ഉറപ്പ് നൽകുകയില്ല. ഓരോ കാലത്തും ഭരണം നിയന്ത്രിക്കുന്നവരുടെ വിവേകം, ദീർഘദൃഷ്ടി, നിയോഗബോധം, സമർപ്പണം തുടങ്ങിയവയാണ് അതിനാധാരം. ഈ ഗുണങ്ങളെല്ലാമുള്ള നേതൃത്വനിര സഭയിൽ നിലനിന്നെങ്കിൽ മാത്രമേ സമാധാനം സൃഷ്ടിക്കപ്പെടുകയും നിലനിൽക്കുകയുമുള്ളൂ.

3. സഭൈക്യം ഒരിക്കലും സമ്മർദ്ദവിധേയമായി നടക്കേണ്ട കാര്യമല്ല. ഐക്യത്തിനുള്ള ആഗ്രഹം ഇരുപക്ഷത്തും സൃഷ്ടിച്ച് അന്തസ്സുള്ള കൂടിച്ചേരലിനാണ് ശ്രമിക്കേണ്ടത്.

4. കോടതികളിൽ ഇപ്പോഴും കേസുകൾ നിലനില്ക്കുന്നു. ലഭ്യമായ വിധി ഭാവിയിൽ അട്ടിമറിക്കപ്പെടുന്നതിനുള്ള സാദ്ധ്യതപോലും തള്ളികളയാനാവില്ല. അതുകൊണ്ട് കൈവന്ന വിധി ഐക്യസൃഷ്ടിയിലൂടെ നടപ്പാക്കിയെടുക്കാൻ ശ്രമിക്കുന്നതായിരിക്കും വിവേകം.

സഭയെപ്പറ്റിയും സഭയുടെ നിയോഗം സംബന്ധിച്ചും ബോധമുള്ള ആർക്കും സഭാസമാധാനശ്രമങ്ങൾ അവഗണിക്കാനാവില്ല. സഭ ആരുടെയും സ്വകാര്യസ്വത്തല്ല. ക്രിസ്തു കേന്ദ്രീകൃതമായ വിശ്വാസികളുടെ കൂട്ടായ്മയാണിത്. ക്രിസ്തുബന്ധവും ക്രിസ്തു നൽകിയിരിക്കുന്ന നിയോഗവും അതിന്റെ നിർവ്വഹണവുമാണ് ഈ സമൂഹത്തെ പരിവർത്തനപ്പെടുത്തേണ്ടത്. ഇതാണ് സഭയെ ആധികാരികം (authentic) ആക്കുന്ന ഘടകം. ശ്രേണീ നിബദ്ധമായ അധികാരഘടനയും ആധിപത്യ തൃഷ്ണയുമെല്ലാം സഭയുടെ സ്വഭാവത്തിന് വിരുദ്ധമാണ്. നിയോഗം നിഷേധിക്കുന്ന പൗരോഹിത്യനിരകളെല്ലാം ക്രിസ്തുവിന്റെ അന്ത്യാഹ്വാനമായ സാക്ഷ്യനിർവ്വഹണമാണ് തള്ളിക്കളയുന്നത്. സകലരേയും ക്രിസ്തുശിഷ്യത്വത്തിലേയ്ക്ക് ആകർഷിക്കുവാൻ നിയോഗമുള്ള സഭയ്ക്ക് സമാധാനശ്രമങ്ങൾ പാഴാക്കുന്നതിന് ന്യായം കാണാനാവില്ല. അധികാര ഘടനയുടെ സംരക്ഷണവും വ്യക്തിതാല്പര്യങ്ങളും സഭയുടെ മുഖ്യകാര്യപരിപാടിയാകുമ്പോൾ സഭയുടെ നിയോഗത്തെപ്പറ്റി ചിന്തിക്കാനാവില്ല എന്നത് സ്വാഭാവികമാണ്. ഇതിൽ അത്ഭുതപ്പെടാനില്ല. മലങ്കരസഭയുടെ ചരിത്രത്തിൽ ഒരു കാലത്തും സാക്ഷ്യനിർവ്വഹണത്തിന് മുൻഗണന നൽകിയതായി അറിവില്ല. ഭൂതകാലത്തെ മഹത്വീകരിച്ചും ഭൗതീക നേട്ടങ്ങളിൽ അഭിരമിച്ചും സഭയുടെ ഐക്യം നിഷേധിച്ചും കഴിയുന്നവർക്ക് എങ്ങനെയാണ് മാർത്തോമ്മാ പൈതൃകം അവകാശപ്പെടാനാവുക? സഭയുടെ സ്വഭാവ നിയോഗങ്ങളെപ്പറ്റി അതിലെ നേതാക്കൾക്ക് വീണ്ടുവിചാരത്തിന് ദൈവം പ്രേരണ നൽകട്ടെ എന്ന് പ്രാർത്ഥിക്കാം.

കർത്താവിന്റെ ഉയിർത്ത് എഴുന്നേൽപ്പ് നൽകുന്ന പ്രത്യാശയുടെ അനുഭവം എല്ലാവർക്കും ആശംസിക്കുന്നു.

സസ്നേഹം,

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

കഴിഞ്ഞിട്ടും ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നേടുന്നതിൽ നാം പരാജയപ്പെട്ടതിന്റെ ലജ്ജിപ്പിക്കുന്ന തെളിവാണ് കഴിഞ്ഞ ദിവസം നടന്ന അട്ടപ്പാടി മധുവിന്റെ കൊലപാതകം. നാടിന്റെ ശോഭനമായ ഭാവിക്ക് തടസ്സം നിൽക്കുകയും തുരങ്കം വയ്ക്കുകയും ചെയ്യുന്ന അവിശ്വസ്തരായ രാഷ്ട്രീയ വർഗ്ഗത്തിന്റെയും ആർത്തിപൂണ്ട ഉദ്യോഗസ്ഥ സമൂഹത്തിന്റെയും ഒത്താശയിലും പിന്തുണയിലും പ്രവർത്തിക്കുന്ന ഒരു ഗൂഢസംഘം ഇവിടെ ശക്തമാണെന്ന കാര്യം ജനം മനസ്സിലാക്കേണ്ടതുണ്ട്. പാഴ്ച്ചെലവും ധൂർത്തും രാജ്യത്തിന്റെ പുരോഗതി തടസ്സപ്പെടുത്തുമെന്നു മാത്രമല്ല രാജ്യത്തെ കടക്കെണിയിലാഴ്ത്തുകയും ചെയ്യും.

**പ്രതികരണം**

# റഷ്യൻ വിപ്ലവത്തിന് എന്താണ് പ്രസക്തി?

**ഇ.എ. കരുണാകരൻ നായർ**

"ഒക്ടോബർ വിപ്ലവവും തുടർന്നുവന്ന ഭരണകൂടവും വിപ്ലവത്തിന്റെ ശതാബ്ദിയിൽ പഠനവിഷയം പോലും ആകാത്തവിധം അവഗണിക്കപ്പെട്ടതിലുള്ള" മെത്രാപ്പോലീത്തയുടെ "വ്യഥയും ആത്മരോഷവും" ഒരു ജനാധിപത്യവാദിയായ എന്നെ അത്ഭുതപ്പെടുത്തി.

"സോവിയറ്റെന്നൊരു നാടുണ്ടത്രേ
കാണാൻ കഴിഞ്ഞെങ്കിലെന്തു ഭാഗ്യം"!

ഒരു കാലത്ത് കെ.പി.ജി. നമ്പൂതിരി പാടി. അക്കാലത്ത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി അദ്ദേഹത്തിനു മഹാകവിപ്പട്ടം ചാർത്തിക്കൊടുത്തു! കമ്മ്യൂണിസ്റ്റ് ഇരുമ്പുമറയ്ക്കുള്ളിൽ യഥാർത്ഥത്തിൽ നടന്നതെന്തൊക്കെയാണെന്ന് പിൽക്കാലത്ത് ചരിത്രം വെളിപ്പെടുത്തിയിട്ടുണ്ട്. അവ മനസ്സിലാക്കിയിട്ടുള്ളവർക്കാണ് വ്യഥയും ആത്മരോഷവും ഉണ്ടാകേണ്ടത്.

സാറിന്റെയൊ ലൂയി പതിനാറാമന്റെയോ തലവെട്ടിയതുകൊണ്ട് റഷ്യയിലോ ഫ്രാൻസിലോ വിപ്ലവം ആത്യന്തികമായി വിജയിച്ചില്ലെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. (ചരിത്രം നൽകുന്ന ഒരു പാഠം ചരിത്രത്തിൽ നിന്ന് ആരും ഒന്നും പഠിക്കുന്നില്ല എന്നാണല്ലോ?). വിപ്ലവം സ്വന്തം സന്തതികളെത്തന്നെ വിഴുങ്ങി. റഷ്യയിലെ ട്രോട്സ്കിയെ സ്റ്റാലിൻ കൊല്ലിച്ചു. ഫ്രഞ്ച് വിപ്ലവനായകൻ റോബസ്പിയറിനെഅനുയായികൾ ഗില്ലറ്റിൽ ചെയ്തു. പിന്നീട് അവിടെയുണ്ടായത് നെപ്പോളിയന്റെ സ്വേച്ഛാധിപത്യമാണ്. റഷ്യയിലാകട്ടെ, ലെനിന്റെയും തുടർന്ന് സ്റ്റാലിന്റെയും സ്വേച്ഛാധിപത്യവും. എന്ത് കമ്മ്യൂണിസം! ലക്ഷക്കണക്കിനുള്ള ചെമ്പടയുടെ പിൻബലത്തിലാണ് റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഭരണം നിലനിന്നത്. അതുപോലൊരു ചെമ്പടയുടെ താങ്ങില്ലെങ്കിൽ "മധുരമനോഹര മനോജ്ഞ (കമ്മ്യൂണിസ്റ്റ്) ചൈന" തകർന്നടിയുമായിരുന്നു. ജനാധിപത്യാവകാശങ്ങൾക്കായി ശബ്ദമുയർത്തി ടിയാനൻമെൻ സ്ക്വയറിൽ തടിച്ചുകൂടിയ ആയിരക്കണക്കിനു വിദ്യാർത്ഥികളെ കൊല്ലാൻ ചൈനയിലെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് ടാങ്കുകൾ ഉപയോഗിച്ചത് മറക്കാൻ കാലമായിട്ടില്ല. (ചൈനീസ് വിപ്ലവം വെൽവൂതാക!) കേരളത്തിൽ നക്സലൈറ്റുകൾ കുറെ തലവെട്ടി വിപ്ലവം വിജയിപ്പിച്ചു.

ലോകം കണ്ട ഏറ്റവും വലിയ വിപ്ലവകാരിയായ യേശുക്രിസ്തു രണ്ടായിരം വർഷം മുമ്പ് മഹത്തായ ഒരു വിപ്ലവം നടത്തി വിജയിപ്പിച്ചത് ഒരൊറ്റ തലയും വെട്ടിയിട്ടല്ല എന്ന് നമ്മുടെ പുരോഹിത ശ്രേഷ്ഠരെ ആരാണ് പറഞ്ഞ് പഠിപ്പിക്കുക?

ഇന്ത്യയിലും ചൈന/റഷ്യയിലെപ്പോലെ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യമായിരുന്നെങ്കിൽ ലോകത്തിലെ ഏറ്റവും വികസിത രാഷ്ട്രമായിത്തീരുമായിരുന്നു ഇവിടം. എന്നാൽ അത്തരമൊരു ഭരണം ഇന്ത്യയിലുണ്ടാകണമെന്ന് കമ്മ്യൂണിസത്തിന്റെ കേരളത്തിലെ കുഴലൂത്തുകാർ പോലും ആഗ്രഹിക്കുന്നുണ്ടാവില്ല.

നാസികൾ ജൂതന്മാരെയാണ് കൂട്ടക്കൊല ചെയ്തത്. എന്നാൽ റഷ്യയിലും ചൈനയിലും സ്വന്തം പ്രജകളെയാണ് കമ്മ്യൂണിസ്റ്റ് ചക്രവർത്തിമാർ കൂട്ടക്കൊല ചെയ്തത്. ചില സംഭവങ്ങൾ പറയട്ടെ.

റഷ്യയുടെ ആർക്ട്ടിക് പ്രദേശത്ത് 'വോർക്കുത്ത' എന്നൊരു നഗരമുണ്ട്. ഖനികളുടെ നഗരമാണത്. 1932 മുതൽ 1957 വരെയുള്ള കാലത്ത് യൂറോപ്പിലെ ഏറ്റവും വലിയ കോൺസെൻട്രേഷൻ ക്യാമ്പ് നിലനിന്നിരുന്നത് അവിടെയായിരുന്നു. സ്റ്റാലിന്റെ 'ഗുലാഗ് ആർച്ചിപ്പെലഗോ'യിൽ വടക്കുകിഴക്കൻ സൈബീരിയയിലെ 'കോലിമ' കഴിഞ്ഞാൽ രണ്ടാം സ്ഥാനമായിരുന്നു വോർക്കുത്തയ്ക്ക്. 1953 ലെ സെക്ക് വിപ്ലവകാലത്ത് വോർക്കുത്തയിൽ തടവിലിട്ടത് മൂന്നു ലക്ഷം പേരെയാണ്. ഹതാശരായ നൂറുകണക്കിനു മനുഷ്യജീവികൾ അവിടെ സാവധാനം മരണം വരിച്ചു. വോർക്കുത്തയെപ്പറ്റി ധാരാളം ദൃക്സാക്ഷി റിപ്പോർട്ടുകൾ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മനോരോഗികളെന്നു മുദ്രയടിച്ചു ബഹുസഹസ്രമാളുകളെ സ്റ്റാലിൻ സൈക്യാട്രിക് പ്രിസണുകളിൽ അടച്ചു. അണുശക്തി കൊണ്ടു പ്രവർത്തിക്കുന്ന മുങ്ങിക്കപ്പലുകളിൽ കൈകൊണ്ടു ശുചീകരണം നടത്തുന്നതിനും യുറേനിയം ഖനികളിൽ കൈവേല ചെയ്യുന്നതിനും യാതൊരു സുരക്ഷാ സംവിധാനങ്ങളുമില്ലാതെ തടവുകാർ നിയോഗിക്കപ്പെട്ടു. അണുവികിരണമേറ്റ് സാവധാനം അവർ മരണത്തിനു കീഴടങ്ങി.

സോവിയറ്റ് നാട്ടിൽ 'ഗ്ലാസ്നോസ്തി'ന്റെ ഉച്ചസ്ഥായിയിലെ ഒരു സംഭവത്തിന്റെ റിപ്പോർട്ടും ശ്രദ്ധേയമാണ്. ബെലാറസ് സ്റ്റേറ്റിന്റെ തലസ്ഥാനമായ മിൻസ്കിനു സമീപത്ത് 'കുറോപ്പതി' വന

മേഖലയിൽ നാട്ടുകാർ മണ്ണു കുഴിച്ചുമാറ്റാൻ തുടങ്ങി. അമ്പതുകൊല്ലം മുമ്പത്തെ ഭീകരവാഴ്ചക്കാലത്ത് കൊല്ലപ്പെട്ട സ്ത്രീപുരുഷന്മാരെയും കുട്ടികളെയും മറവുചെയ്തത് അവിടെയാണെന്ന് അവർക്കറിയാമായിരുന്നു. വൃത്താകാരത്തിലുള്ള അസംഖ്യം ശവക്കിണറുകളാണ് അവിടെ കണ്ടെത്തിയത്. ഓരോ കിണറ്റിൽ നിന്നും മൂവായിരം വീതം അസ്ഥികൂടങ്ങളാണ് പുറത്തെടുത്തത്. പൈൻ മരങ്ങൾക്കിടയിൽ അത്തരം നൂറുകണക്കിനു ഗർത്തങ്ങൾ നാട്ടുകാർ കണ്ടുപിടിച്ചപ്പോൾ ഗവണ്മെന്റ് ഇടപെട്ടു. അവിടത്തെ കുഴിക്കൽ അവസാനിപ്പിക്കാൻ 1991 ൽ ഗവണ്മെന്റ് ഉത്തരവായി. വനമേഖലയിലെ രഹസ്യങ്ങൾ ഭദ്രമാക്കിയിട്ട് വഴിയരികിൽ ഒരു കുരിശും നാട്ടി ജനത്തിനു പിൻവാങ്ങേണ്ടിവന്നു.

സ്റ്റാലിൻ യുഗത്തിലെ യാഥാർത്ഥ്യങ്ങൾ വെളിച്ചത്തു കൊണ്ടുവരാൻ അർപ്പണബുദ്ധിയോടെ പ്രവർത്തിക്കുന്ന സംഘടനയാണ് റഷ്യൻ മെമ്മോറിയൽ ഓർഗനൈസേഷൻ. 1989 ൽ ആ സംഘടന 'ഉറൽ' മേഖലയിൽ 1930 കളിലെ ഒരു ശവക്കിണർ കണ്ടുപിടിച്ച കാര്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 80,000 അസ്ഥികൂടങ്ങളാണ് ആ കിണറ്റിൽ നിന്നു പുറത്തെടുത്തത്. ആ തലയോട്ടികളിലെ വെടിയുണ്ടയേറ്റ തുളകൾ എല്ലാം വ്യക്തമാക്കി. ഗുലാഗുകളിൽ കഠിനാധ്വാനം ചെ യ്തു മരിക്കാൻ വിധിക്കപ്പെട്ടവരായിരുന്നില്ല അവർ. ആളുകളെ ഫ്ളാറ്റുകളിൽ നിന്നും പിടിച്ചുകൊണ്ടുവന്നു അവരുടെ കുട്ടികളോടൊപ്പം വെടിവച്ചു കൊല്ലുകയായിരുന്നത്രേ. അതുപോലെ എത്രയോ ഇടങ്ങൾ റഷ്യ മറച്ചുവച്ചിട്ടുണ്ടാകും!

(ചൈനയും ഏറെയൊന്നും വ്യത്യസ്തമല്ല. 1949 മുതൽ ഇന്നേവരെയുള്ള, കമ്മ്യൂണിസ്റ്റ് ലേബലിലെ പട്ടാളഭരണക്കാലത്ത് വെടിവച്ചു കൊല്ലപ്പെട്ട ജനകോടികളുടെ വിവരങ്ങൾ ആ ഭരണം തകർന്നടിഞ്ഞാൽ പുറത്തുവരും. അനഭിമതരെ ഉന്മൂലനം ചെയ്യുകയാണല്ലോ കമ്മ്യൂണിസ്റ്റ് ഹോബി!).

രണ്ടാംലോകയുദ്ധത്തിന്റെ ആരംഭത്തിൽ ഹിറ്റ്ലറും സ്റ്റാലിനും സഖ്യത്തിലായിരുന്നു. രണ്ടുപേർക്കും കലശലായിരുന്നു സാമ്രാജ്യത്വ വികസനമോഹം. കിഴക്കൻ യൂറോപ്പിനെപങ്കിട്ടെടുക്കാമെന്ന് അവർ തീരുമാനിച്ചു. പോളണ്ടായിരുന്നു ഒരേയൊരു തടസ്സം. പോളണ്ടുകാരാകാട്ടെ, നാസികളെയും കമ്മ്യൂണിസ്റ്റുകാരെയും ഒരുപോല വെറുത്തു. 1939 സെപ്റ്റംബർ 1 ന് ജർമ്മനിയുടെ പോളണ്ട് ആക്രമണത്തോടെ രണ്ടാം ലോകയുദ്ധം ആരംഭിച്ചുവെന്നു പറയാം. ജർമ്മൻ സൈന്യം പടിഞ്ഞാറു നിന്നും സോവിയറ്റ് സൈന്യം കിഴക്കു നിന്നും പോളണ്ടിലേയ്ക്ക് ഇരച്ചു കയറി. രണ്ട് ആക്രമികളും പോളണ്ടിനെപങ്കിട്ടെടുത്തു.

1940 മാർച്ച് 5 ന് 26,000 തടവുകാരെ വെടിവച്ചു കൊല്ലാനുള്ള ഉത്തരവിൽ സ്റ്റാലിൻ ഒപ്പുവച്ചു. സോവിയറ്റ്-ജർമ്മൻ സംയുക്ത പട നീക്കത്തിനിടെ 1939 സെപ്റ്റംബറിൽ പോളണ്ടിൽ നിന്നു പിടിക്കപ്പെട്ടവരായിരുന്നു തടങ്കലിലുണ്ടായിരുന്നത്. അവരെ കൊസീൽക്ക്, ഒഷ്ടക്കാവോ, സ്റ്റാറോബീൽസ്ക് എന്നീ സോവിയറ്റ് ക്യാമ്പുകളിലായിരുന്നു പാർപ്പിച്ചിരുന്നത്. മിക്കവാറും അവരെല്ലാം പോളണ്ടിന്റെ റിസർവ് ഓഫീസർമാർ (കരുതൽ സൈന്യത്തിൽപ്പെട്ട ഉദ്യോഗസ്ഥർ) ആയിരുന്നു. ഡോക്ടർമാർ, എൻജിനീയർമാർ, അഭിഭാഷകർ, പോലീസുകാർ, പുരോഹിതർ എന്നിവരും ഒരു സ്ത്രീയും ഉൾപ്പെട്ട ആ തടവുകാരെ ചെറു സംഘങ്ങളായി കൈകൾ പിന്നിൽ കൂട്ടിക്കെട്ടി, കണ്ണുകൾ മൂടിക്കെട്ടി രഹസ്യ കൊലക്കളത്തിലേക്ക് ആട്ടിത്തെളിച്ചുകൊണ്ടുപോയി. തലയ്ക്കു വെടിവച്ചു കൊല്ലുകയായിരുന്നു സ്റ്റാലിന്റെ പട്ടാളക്കാർ. എന്നിട്ട് കൂട്ടംകൂട്ടമായി വലിയ ശവക്കുഴികളിലിട്ടു മൂടി.

(1941 ൽ നാസി – സോവിയറ്റ് ഉടമ്പടി തകർന്നപ്പോൾ സ്റ്റാലിൻ പ്രവാസി പോളിഷ് ഗവണ്മെന്റുമായി ഒരു സഖ്യക്കരാർ ഒപ്പുവച്ചു. പ്രവാസി പോളിഷ് ഗവണ്മെന്റിന്റെ പ്രതിനിധിയായ ജനറൽ സിക്കോർസ്കി തടവുകാരാക്കപ്പെട്ട തങ്ങളുടെ റിസർവ് ഓഫീസർമാരെപ്പറ്റി ക്രെംലിനിൽ വച്ച് സ്റ്റാലിനോടു തിരക്കി. "അവരെല്ലാം ഓടിപ്പോയി" എന്നായിരുന്നു സ്റ്റാലിന്റെ മറുപടി. "എന്നാൽ അവർക്ക് എങ്ങോട്ട് ഓടിപ്പോകാനാവും?" എന്ന് സിക്കോർസ്കി ചോദിച്ചപ്പോൾ "ഉദാഹരണത്തിന്, മഞ്ചൂറിയയിലേക്ക്", എന്ന് സ്റ്റാലിന്റെ ഉത്തരം!)

ഇങ്ങനെഎഴുതാൻ തുടങ്ങിയാൽ ആയിരക്കണക്കിനു പേജുകളാകും. അതിനാൽ നിർത്തുന്നു. വർഗസമരത്തിലാണ് കമ്മ്യൂണിസ്റ്റുകൾ വിശ്വസിക്കുന്നത്. ഈ ലേഖകനാകട്ടേ, വർഗ സമന്വയത്തിലും. അതുകൊണ്ടുതന്നെ ഒക്ടോബർ വിപ്ലവത്തെയും തുടർന്നുവന്ന കമ്മ്യൂണിസ്റ്റ് ഭരണത്തെയും സ്തുതിക്കാൻ കഴിയുന്നില്ല. ഒരു കാര്യത്തിൽ വ്യഥയും ആത്മരോഷവുമുണ്ട്. ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥയിലെ മനുഷ്യാവകാശ ധ്വംസനങ്ങളെ ഘോരഘോരം വിമർശിക്കുന്നവരാണ് ഒക്ടോബർ വിപ്ലവത്തിനും കമ്മ്യൂണിസ്റ്റ് ഭരണത്തിനും ഓശാനപാടുന്നത്. ഇന്നും സ്റ്റാലിനെആരാധിക്കുന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളുടെ ബുദ്ധിപരമായ അടിമത്തത്തെയോർത്ത് ഞാൻ ഒരു തുള്ളി കണ്ണുനീർ വീഴ്ത്തുന്നു. □

**നല്ല വാക്ക്**

# സ്നേഹം കർത്തവ്യത്തിനുപരിയാണ്
## (LOVE IS BEYOND DUTY)

**വി. പി.**

ഒരു സംഭവം പറയാം. ഇൻഡ്യൻ വംശജനായ ഒരു ദക്ഷിണാഫ്രിക്കൻ സന്യാസി. ഭവാനി ദയാൽ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അദ്ദേഹം ഇൻഡ്യ സന്ദർശിക്കാനെത്തി. പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയായിരുന്നു മുഖ്യഉദ്ദേശ്യം. ഹിമാലയത്തിലെ പുണ്യക്ഷേത്രങ്ങൾ ഓരോന്നായി കാണാൻ അദ്ദേഹം പുറപ്പെട്ടു. ഒരു മലമുകളിലുള്ള തീർത്ഥാടന കേന്ദ്രം ലക്ഷ്യമാക്കി അദ്ദേഹം നടക്കുകയാണ്. ഇടുങ്ങിയതും വളഞ്ഞുപുളഞ്ഞതും കുത്തനേ ഉള്ളതുമായ വഴി. തോളിൽ ഭാണ്ഡവുമായിട്ടുള്ള യാത്ര ഏറെ ക്ലേശകരമായിരുന്നു. ശരീരമാകെ വിയർത്തൊലിക്കുന്നു. ശ്വാസം മുട്ടൽ അനുഭവിക്കാൻ തുടങ്ങിയതോടെ നടപ്പിന്റെ വേഗത നന്നേ കുറച്ചു. നിന്നും നടന്നും യാത്ര തുടരുകയാണ്. മുമ്പിൽ ഒരു പെൺകുട്ടി തന്റെ ഇളയ സഹോദരനെ മുതുകിലേറ്റി നടന്നുപോകുന്നു. കുഞ്ഞിനാകട്ടെ പ്രായത്തിൽ കവിഞ്ഞ വളർച്ചയും തടിയുമുണ്ട്. പെൺകുട്ടി കിതയ്ക്കുകയും വിയർക്കുകയും ചെയ്യുന്നു. തൊട്ടടുത്തെത്തിയപ്പോൾ സന്യാസി അനുകമ്പാപൂർവ്വം അവളോടു പറഞ്ഞു. "എന്റെ പ്രിയപ്പെട്ട കുഞ്ഞേ, നീ അല്പം വിശ്രമിച്ചശേഷം യാത്ര തുടർന്നാൽ മതി. നിന്റെ ചുമട് അല്പം ഭാരമേറിയതാണ്."

സന്യാസിയുടെ വാക്കുകൾ കേട്ട് പെൺകുട്ടി ചൊടിച്ചു. അവൾ പറഞ്ഞു. "സ്വാമിജി, അങ്ങയുടെ ഭാഷ മര്യാദ കെട്ടതാണ്. സൂക്ഷിച്ചു സംസാരിക്കണം. നിങ്ങൾ ചുമക്കുന്ന ഭാണ്ഡം നിങ്ങൾക്കൊരു ഭാരമായിരിക്കാം. എന്നാൽ എന്റെ മുതുകിലുള്ളത് എന്റെ അനുജനാണ്."

സന്യാസിക്ക് തന്റെ തെറ്റ് ബോധ്യമായി. ഏതാനും വർഷങ്ങൾക്കുശേഷം അദ്ദേഹം എഴുതിയ പുതിയ പുസ്തകത്തിൽ ഈ സംഭവം വിവരിക്കുന്നുണ്ട്. ആ പെൺകുട്ടിയുമായി നടന്ന സംഭാഷണം അതേപടി ഉദ്ധരിച്ചുകൊണ്ട് അദ്ദേഹമെഴുതി. "ഹിമാലയത്തിൽ കണ്ട ആ പെൺകുട്ടി എന്റെ കണ്ണു തുറപ്പിച്ചു."

നമ്മുടെ മനസ്സിൽ സ്നേഹമുള്ളപ്പോൾ ഒന്നും നമുക്ക് ഭാരമല്ല. മറ്റുള്ളവർക്കായി സ്നേഹപൂർവ്വം ചെയ്യുന്ന ഏതൊരു കടുത്ത ജോലിയും നമ്മിൽ മടുപ്പുണ്ടാക്കുകയില്ല. അത് നമുക്ക് സന്തോഷവും സംതൃപ്തിയുമാണ് നൽകുന്നത്. എന്നാൽ ഇതല്ല നാം സ്കൂളിൽ പഠിക്കുന്ന കർത്തവ്യ (duty) ത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും (responsibility)കാര്യം. കർത്തവ്യവും ഉത്തരവാദിത്തവും പോലെയുള്ള വാക്കുകൾക്ക് ഭാരത്തിന്റെ ചുവ (taste) യുണ്ട്. കർത്തവ്യത്തിന്റെയും ചുമതലയുടെയും പേരിൽ നാം നമ്മുടെ അടുത്ത ബന്ധുക്കൾക്കുപോലും ചെയ്തുകൊടുക്കുന്ന സഹായങ്ങൾക്കു പിൻപിൽ അവരും മറ്റുള്ളവരും അത് കാണണമെന്നും അംഗീകരിക്കണമെന്നുമുള്ള ആഗ്രഹമുണ്ട്. സഹായിക്കപ്പെടുന്നവരിൽ നിന്നും മറ്റുള്ളവരിൽ നിന്നും നല്ല പ്രതികരണമുണ്ടായില്ലെങ്കിൽ നാം അസംതൃപ്തരും നിരാശരുമാകും. എന്നാൽ സ്നേഹം നിമിത്തമാണ് ആ സഹായം ചെയ്യുന്നതെങ്കിൽ അങ്ങനെയുള്ള വിരുദ്ധ ചിന്തകളൊന്നും നമ്മിൽ ജനിക്കുകയില്ല. അതിനാൽ ധാർമ്മികതക്കോ ഉത്തരവാദിത്തബോധത്തിനുപോലുമൊ സ്നേഹത്തിന്റെ സ്ഥാനം ഏറ്റെടുക്കുവാൻ സാധ്യമല്ല. യഥാർത്ഥ സ്നേഹം നിമിത്തം നാം മറ്റുള്ളവർക്കു ചെയ്യുന്ന സേവനങ്ങൾ നമ്മുടെ മനസ്സിനെ ഭാരവിമുക്തവും സന്തുഷ്ടവുമാക്കും. ഇത് സംഭവിക്കുന്നതിന് നാം സ്നേഹത്തിൽ ഉയരണം; സ്നേഹത്തിൽ പതിക്കുകയല്ല വേണ്ടത്. (We need to rise in love not fall in love) ഇതു നമ്മുടെ വ്യക്തിത്വത്തെ പരിണാമപ്പെടുത്തുകയും അനഭിലക്ഷണീയ ബന്ധങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രമാക്കുകയും ചെയ്യും. ഇതുകൊണ്ടെല്ലാം സ്നേഹത്തിന് മറ്റു സദ്ഗുണങ്ങളെക്കാളൊക്കെ ഉപരിയായ സ്ഥാനമാണുള്ളത്. അവയ്ക്കൊന്നും സ്നേഹത്തിന്റെ സൗന്ദര്യവുമില്ല. ഒരു കളങ്കവുമില്ലാത്ത സത്വികാരമാണ് സ്നേഹം. അതിൽ കലർപ്പ് ചേരില്ല. ചേർത്താൽ അതു സ്നേഹമല്ലാതാകും. നല്ല ഗുരുക്കന്മാർ നമ്മെ സ്നേഹത്തിൽ വളരുവാൻ ഉപദേശിക്കുന്നു. സ്നേഹം ജീവിതത്തിന്റെ തന്നെ പര്യായമാണ്. സ്നേഹമില്ലെങ്കിൽ ജീവിതമില്ല. അതായത് ജീവിതം സ്നേഹമാകണം. ആ സ്നേഹം തന്നെയാണ് ഈശ്വരൻ.

ഒരമ്മ മകനോടു പറയും, "ഞാൻ നിന്റെ അമ്മയാണ്. അതുകൊണ്ട് നിനക്ക് എന്നെ സംരക്ഷിക്കേണ്ട ചുമതലയുണ്ട്." ഒരു ഭർത്താവു ഭാര്യയെ ഓർമ്മപ്പെടുത്തും "ഞാൻ നിന്റെ ഭർത്താവാണ്.

വേദവിചാരം

# പരിവർത്തിത ജീവിതമാണ് ക്രിസ്തീയ സാക്ഷ്യം

വേദഭാഗം: കൊലോസ്യർ 3: 9–15

ഡോ: തോമസ് അത്താനാസ്യോസ്

**എ**ന്താണ് ക്രിസ്തീയ സാക്ഷ്യം എന്നത് നിരന്തരം അന്വേഷിച്ചുകൊണ്ടിരിക്കേണ്ട വിഷയമാണ്. ക്രിസ്തീയ സാക്ഷ്യം കാലം, ദേശം, സാഹചാര്യം എന്നിവ അനുസരിച്ച് മാറേണ്ട കാര്യമായതുകൊണ്ട് ഓരോ കാലത്തും സ്ഥലത്തും സാഹചര്യത്തിലും അതു സംബന്ധിച്ച അന്വേഷണം ഉണ്ടാകേണ്ടതാണ്. കോടതിയിൽ നിന്ന് വിധി വന്ന സാഹചര്യത്തിൽ അതിനോടുള്ള പ്രതികരണമായി സഭയിൽ ഉത്തരവാദപ്പെട്ട ചുമതലകൾ വഹിക്കുന്ന ചിലരുടെ വാക്കുകൾ കേട്ടപ്പോൾ അവർ ഉൾപ്പെടുന്ന സമൂഹങ്ങൾ ഈ സാക്ഷ്യജീവിതത്തിൽ നിന്ന് എത്രയോ അകലെയാണെന്നു തോന്നിപ്പോയി. നിയമപരമായി തങ്ങൾക്ക് അവകാശമില്ലാത്ത വസ്തുവിൽ വിധി നടത്തിപ്പുണ്ടായാൽ തങ്ങളുടെ മൃതശരീരത്തിൽ ചവിട്ടിയേ അതു സാധ്യമാകു എന്ന എക്യുമെനിക്കൽ രംഗത്ത് പ്രവർത്തിക്കുന്ന ഒരു സഭാദ്ധ്യക്ഷന്റെ പ്രഖ്യാപനം കേട്ട് ഞാൻ അക്ഷരാർത്ഥത്തിൽ ഞെട്ടി. അതിലും മോശമായ സംസാരം മലങ്കരസഭയിലെ ഇരുവിഭാഗങ്ങളിലുമുള്ള സഭാനേതാക്കളിൽ നിന്ന് ഉണ്ടായിട്ടുണ്ട്. അസഹിഷ്ണുത, ഭീഷണി, അങ്ങാടി ഭാഷ, അപക്വമായ അഭിപ്രായം എന്നിവയെല്ലാം നിസ്സങ്കോചം തട്ടിവിടുന്നത് പൊതുസമൂഹം കേൾക്കുന്നുണ്ടെന്ന ചിന്തപോലും ഇവർക്കുള്ളതായി തോന്നുന്നില്ല. ഇത്തരം പ്രസ്താവനകളും പ്രസംഗങ്ങളും ഇന്ന് ക്രിസ്തീയ സാക്ഷ്യത്തിന് ഉപകരിക്കുമൊ എന്ന് ചിന്തിക്കേണ്ടതാണ്. ഇവയോട് ഈ സഭയ്ക്കുള്ളിലും പുറത്തുമുള്ള വിവരവും മാന്യതയുമുള്ള വ്യക്തികളുടെ പ്രതികരണം എന്തായിരിക്കുമെന്നുള്ള ശങ്കയും അവർക്കില്ല. കൊലോസ്യ ലേഖനത്തിലെ മേൽ സൂചിപ്പിച്ചിരിക്കുന്ന തിരുവചന ഭാഗം ഈ വിഷയ സംബന്ധമായ ചിന്തയ്ക്ക് അടിസ്ഥാനമാക്കാവുന്നതാണ്.

ക്രിസ്തുബന്ധത്തിൽ വിശ്വാസിയിലും വിശ്വാസീ സമൂഹത്തിലും പരിവർത്തനമുണ്ടാകണമെന്നാണ് പൗലോസ് പറയുന്നത്. അത് എത്രമാത്രം സമൂലവും മൗലീകവുമായിരിക്കണമെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. പഴയ സ്വത്വത്തെ അതിന്റെ സഹജമായ ശീലങ്ങളോടെ ഉരിഞ്ഞുകളയുക എന്നതാണ് പരിവർത്തനത്തിന്റെ സ്വഭാവം. മനുഷ്യനിൽ പരമ്പരാഗതമായും സ്വാഭാവികമായും നിലനില്ക്കുന്ന കോപം, പക, വഞ്ചന, അക്രമം, ഹിംസ, പരദൂഷണം, മുറിപ്പെടുത്തുന്ന സംസാരം മുതലായവയെല്ലാം നീക്കി പഴയ പ്രകൃതം സമൂലം പരിണാമ വിധേയമാക്കണം. അധമമായ പ്രാകൃതമനുഷ്യത്വം നിലനിൽക്കുന്നുവെങ്കിൽ വിശ്വാസിയും വിശ്വാസ സമൂഹവും പരിവർത്തിതരായിട്ടില്ല. അവിടെ സാക്ഷ്യം നടക്കുന്നില്ല എന്നാണ് സൂചന.

സാമ്പ്രദായികവും അനുഷ്ഠാനപരവുമായ മതജീവിതത്തിന് പരിണാമമുണ്ടാകണമെങ്കിൽ സത്താപരമായ പരിവർത്തനം ക്രിസ്തുബന്ധത്തിൽ സൃഷ്ടിക്കപ്പെടണം. അനുതാപമില്ലാത്ത പ്രവൃത്തികളും നിർദ്ദയവും നീചവുമായ ഭാഷാ പ്രയോഗങ്ങളും സഭാ മേലദ്ധ്യക്ഷന്മാരിൽ നിന്നുപോലും ഉണ്ടാകുമ്പോൾ ഒരു സാധാരണ വിശ്വാസിക്കൊ, ഒരു പൗരനു തന്നെയൊ ഉണ്ടാകുന്ന പ്രതികരണത്തെപ്പറ്റിയെങ്കിലും പറയുന്നവർ ശ്രദ്ധിക്കുന്നില്ല. പ്രാകൃത മനുഷ്യനെഉപേക്ഷിച്ച് ക്രിസ്തുവിന്റെ പുതിയ മനുഷ്യത്വം പ്രാപിച്ച് പുതുക്കപ്പെടേണ്ട വ്യക്തിയും നവീകരിക്കപ്പെടേണ്ട സഭയും ഇന്ന് ക്രിസ്തുവിൽ നിന്ന് എത്രയോ അകലെയാണെന്ന് ഈ

---

ഞാൻ നിനക്കുവേണ്ടി അദ്ധ്വാനിക്കുന്നു. എന്നെ നോക്കേണ്ട ഉത്തരവാദിത്തം നിനക്കുണ്ട്." ഒരച്ഛൻ മകനെ അനുസ്മരിപ്പിക്കും. "നീ നിന്റെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുകൂടാ. എന്നെ സംരക്ഷിക്കേണ്ട ചുമതല നിനക്കുണ്ട്." ഇവരുടെയൊക്കെ സമീപനം ശരിയല്ല. കാരണം മറ്റുള്ളവരുടെ സംരക്ഷണം ഏറ്റെടുക്കാനുള്ള മനസ്ഥിതി ഉണ്ടാകേണ്ടത് സ്നേഹത്തിൽ നിന്നാണ് ഉത്തരവാദിത്തത്തിൽ നിന്നല്ല.

ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കാൻ ശ്രമിക്കണം. അപ്പോൾ നമ്മിൽ പരിവർത്തനം ആരംഭിക്കും. അത് മോഹങ്ങളെ മറികടന്നുപോകാൻ സഹായിക്കും. സ്നേഹത്തെകുറിച്ച് നാം മനസ്സിലാക്കുവാൻ തുടങ്ങുന്നതോടെ നമ്മിൽ സ്നേഹം വളർന്നുവരും. അതിന്റെ ഉയർച്ച ഗ്രഹണത്തിന്റെ ചിറകുകളിലാണ്. അറിവിന്റെ ചിറകുകളിലുള്ള സ്നേഹത്തിന്റെ വളർച്ച അതിനെ മറ്റെല്ലാ നല്ല ഗുണങ്ങളെക്കാളും ഔന്നിത്യത്തിലെത്തിക്കും.

(സ്വാമി ചൈതന്യ കീർത്തിയോട് ആശയപരമായ കടപ്പാട്)

തിരുവചനഭാഗം നമ്മെ ഓർമ്മപ്പെടുത്തുകയാണ്. ക്രിസ്തുവിനെ സ്വീകരിക്കുന്നതോടെ വ്യക്തികളുടെയും സമുഹത്തിന്റെയും ജീവിതത്തിൽ സമൂല മാറ്റം സംഭവിച്ച് ക്രിസ്തു സമാനതയിൽ എത്തുകയാണ് ഉണ്ടാകേണ്ടത്. പൗലോസ് ഈ പരിവർത്തനത്തിന്റെ സൂചകമായി കാണുന്നത് വി. മാമോദീസായെയാണ്. അതു സ്വീകരിക്കുന്നതോടെ വ്യക്തി ക്രിസ്തുവിനെ ധരിക്കുകയും ക്രിസ്തു അയാളുടെ ആളത്ത- പ്രവർത്തനകേന്ദ്രമായി മാറുകയുമാണ്. ക്രിസ്തുവിന്റെ ശരീരമായി വ്യവഹരിക്കപ്പെടുന്ന സഭയിലും ഇതേ മാറ്റമാണ് ഉണ്ടാവുക. വ്യക്തിയുടെ സമസ്ത ജീവിതമേഖലകളെയും ക്രിസ്തുവിൽ പുനർ സൃഷ്ടിക്കപ്പെടുകയും, പുനർജനിച്ച വ്യക്തികളുടെ വിശ്വാസ-കൂട്ടായ്മ ക്രിസ്തു സാക്ഷ്യ സമൂഹമായിത്തീരുകയും ചെയ്യുന്നു. ഇത് യഥാർത്ഥത്തിൽ വ്യക്തിയെയും സമൂഹത്തേയും പുനർ നിർമ്മിക്കുന്ന ദൈവകൃപയുടെ അനുഭവപ്പെടലാണ്. ക്രിസ്തുമാതൃകയിൽ ക്രിസ്തു ജീവിതത്തിലേയ്ക്കാണ് ഈ മാറ്റം. ഇതുവഴി ക്രിസ്തുവിനെധരിക്കുകയാണ് വിശ്വാസിയും വിശ്വാസ സമൂഹവും (ഗലാ: 3:24). ഇത് അവരെ സകല ആസക്തികളിൽ നിന്നും അടിമത്തങ്ങളിൽ നിന്നും സ്വതന്ത്രരാക്കുന്നു. പഴയ ജീവിതവീക്ഷണം, ചിന്ത, പ്രവൃത്തികൾ, ശീലങ്ങൾ എന്നിവയിൽ നിന്നെല്ലാം വിമോചിപ്പിച്ച് പഴയ ആളത്തത്തിന്റെ സ്വാധീനവും, അവശേഷിപ്പും അവരിൽ ഇല്ലാതാക്കുന്നു. (റോമർ 13:14) വിശ്വാസിയുടെയും വിശ്വാസീ സമൂഹത്തിന്റെയും വർത്തമാനകാലജീവിതാനുഭവം എന്നത് സ്നാനാനുഭവത്തിന്റെ യാഥാർത്ഥ്യവല്ക്കരണ പ്രക്രിയയായി മനസ്സിലാക്കണം. ഈ അടിസ്ഥാനമാറ്റം അനുഭവത്തിൽ വരാത്തവരുടെ എണ്ണം വർദ്ധിച്ചുവരുന്ന കാഴ്ചയാണ് ഇന്നു കാണുന്നത്. ഇത് അത്യന്തം അപകടകരമായ അവസ്ഥയാണ്.

ഈ പരിവർത്തനം സംഭവിക്കുന്നവരിൽ വരുന്ന ആന്തരിക വ്യതിയാനമാണ് 13-ാം വാക്യത്തിൽ പറയുന്നത്. സഹതാപം, വിനയം, സൗമ്യത, ക്ഷമ മുതലായ ദൈവിക ഗുണങ്ങളുടെ പട്ടിക പൗലോസ് നിരത്തുന്നു. ഇവ പ്രകടമാകാത്തിടത്ത്-വ്യക്തിയിലും വിശ്വാസീ സമൂഹത്തിലും-പരിവർത്തനം നടന്നിട്ടില്ല എന്ന നിഗമനത്തിൽ എത്തേണ്ടതായിവരും. അടുത്ത കാലത്ത് മലങ്കരസഭയിൽ ഐക്യത്തിനുള്ള അടിസ്ഥാനവും സാധ്യതയും തെളിഞ്ഞപ്പോൾ സഭയിൽ ഇരുഭാഗങ്ങളിൽ നിന്നുമുള്ള അദ്ധ്യക്ഷന്മാരിൽ നിന്നും കേൾക്കുന്ന അജ്ഞതയുടെയും അസഹിഷ്ണുതയുടെയും പ്രതിരോധത്തിന്റെയും ശബ്ദം ക്രൈസ്തവേതരമാണ്. സർവ്വ നന്മകളെയും മറന്ന് ധിക്കാരം, നിരാസം, ആധിപത്യമനോഭാവം, അസത്യം എന്നിവയെല്ലാമാണ് അതിൽ മുഴങ്ങുന്നത്. ഇതിനു കാരണം വി. മാമോദീസായുടെ പൊരുളും അനുഭവവും ഇവരിൽ യാഥാർത്ഥ്യമായിട്ടില്ല എന്ന വസ്തുതയാണ്. മതജീവിതം അനുഷ്ഠാനപ്രധാനമാണ് എന്നും സഭാജീവിതം ഭരണ ചട്ടക്കൂട്ടിൽ നടക്കുന്ന പ്രക്രിയയാണെന്നും ഉള്ള തെറ്റായ അവബോധമാണിതിനു പിന്നിൽ. ഇവിടെ പുതുക്കത്തിന്റെ അനുഭവമില്ല. പഴയ മനുഷ്യാളത്തത്തിന്റെ സവിശേഷതയായ ആസക്തിയാണ് ഈ വക പ്രതികരണങ്ങൾ സൃഷ്ടിക്കുന്നത്. ക്രിസ്തുവിൽ മനപരിവർത്തനം സംഭവിക്കാത്ത മനുഷ്യന് ക്രിസ്തുസാക്ഷ്യമൊ, ക്രിസ്തുശിഷ്യത്വത്തിന്റെ പൊരുളോ മനസ്സിലാവുകയില്ല. നോമ്പിന്റെ ഈ നാളുകളിൽ പോലും അനുതാപത്തിന്റെയും തിരുത്തലിന്റെയും ലക്ഷണം ആരിലും പ്രകടമാകുന്നില്ല. ജനിച്ചുവളർന്ന ചുറ്റുപാടുകളുടെയും സംസ്കാരത്തിന്റെയും സ്വാധീനത്തിനലാണ് അവരിന്നും. പുതുക്കത്തിന്റെ ഫലം പുറപ്പെടുവിക്കാത്ത വിശ്വാസിക്കും സഭയ്ക്കും എന്ത് സാക്ഷ്യം?

ജീവിതത്തിൽ മനഃപരിവർത്തനം സംഭവിച്ചിട്ടുള്ളവരിൽ കാണുന്ന പ്രകടമായ മാറ്റങ്ങളിലൊന്നാണ് മറ്റുള്ളവരുടെ അപരാധങ്ങളും വീഴ്ചകളും ക്ഷമിക്കുവാനുള്ള സന്നദ്ധത. അതാണ് ക്രിസ്തു നമുക്കു കാണിച്ചു തന്നിട്ടുള്ളത്. അതാണ് പൗലോസ് ഇവിടെ ഓർമ്മിപ്പിക്കുന്നത്. ക്രൂശിൽ കിടന്നുകൊണ്ട് മാനസാന്തരപ്പെട്ട കള്ളന് പറുദീസ വാഗ്ദാനം ചെയ്തതും, ശതാധിപനെ വിശ്വാസിയാക്കിയതും പാപിനിക്ക് മോചനം നൽകിയതും ക്രിസ്തുവിന്റെ പാപക്ഷമയാണ്. സഭാ വഴക്കിലെ പ്രതിയോഗികളെയും സഭയിൽ സമാധാനം ഉണ്ടാകണം എന്നാഗ്രഹിച്ചു പ്രവർത്തിക്കുന്നവരേയും ശത്രുക്കളായി കണ്ട് അവരുടെ മേൽ ശാപവാക്കുകൾ ചൊരിയുക എന്നത് ക്രിസ്തുവിൽ പുതുക്കപ്പെട്ടവരുടെ സ്വഭാവമല്ല. ഇവിടെ വീണ്ടുവിചാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

പുതുക്കപ്പെട്ടവരുടെ സ്ഥായിഭാവം സ്നേഹമാണ് എന്ന് പൗലോസ് വ്യക്തമാക്കുന്നു. സ്നേഹം ദൈവീകഭാവമാണ്. അത് മറ്റുള്ളവരെ കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്ന ശീലമാണ്. സംഘഗാനങ്ങളിലെ ബഹുസ്വരലയം പോലെ സ്നേഹം സമൂഹത്തിലെ അംഗങ്ങളെ പരസ്പരം ഇണക്കിച്ചേർത്തു മനോഹരമാക്കുന്നു. അത് വൈവിധ്യത്തേയും നിഷേധിക്കുന്നില്ല. മറ്റുള്ളവരോട് നീരസവും അസഹിഷ്ണുതയും കൂടാതെ എല്ലാവരെയും യോജിപ്പിച്ച് വിശ്വാസീ സമൂഹത്തെ മനോഹരവും ലയാത്മകവുമാക്കുന്നു. (കൊലോ. 3:14) □

ചിന്ത

# സമാധാനം

വചനം: വി. യോഹ. 14:27

**ജോയി മേക്കോട്ടിൽ**

"എന്റെ സമാധാനം ഞാൻ നിങ്ങൾക്കുതരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്"

ഉപമകളിലൂടെ നമ്മെ പഠിപ്പിക്കുകയും, സ്നേഹത്തിലൂടെ വഴി നടക്കാൻ ഉപദേശിക്കുകയും ചെയ്തവൻ. സ്വജീവിതം കൊണ്ട് നമുക്കായി ആശംസിച്ചത് സമാധാനമാണ്. നമ്മൾ അവനെപിൻപറ്റുന്നവർ! അവനോട് ചേർന്നു നടക്കാൻ മാമ്മോദീസ്സയെന്ന കൂദാശയുടെ വ്രതശുദ്ധികൊണ്ട് പ്രതിജ്ഞ എടുത്തവർ ............. എങ്കിലും സമകാലീനജീവിതത്തിന്റെ സങ്കീർണ്ണതകളിൽ അതേല്പിക്കുന്ന ക്ഷതങ്ങളിൽ നമ്മളും ഇടറിപ്പോകുന്നില്ലേ? ഇല്ലെന്നു പറഞ്ഞാൽ അതാവും ഏറ്റവും വലിയ കള്ളം! ഈ ഇടർച്ചകൾ ഓരോ വ്യക്തിയിലും സൃഷ്ടിക്കുന്ന ആഘാത പ്രത്യാഘാതങ്ങളാണല്ലോ കൊച്ചു കേരളത്തെ ഒരു ആത്മഹത്യാ മുനമ്പാക്കി മാറ്റിയിരിക്കുന്നത്.

നമ്മളിൽ വീഴുന്ന വചനത്തിന്റെ വിത്തുകളെ ഞെരിക്കിക്കളയുന്ന മുള്ളുകൾ ഈ കാലമേല്പിക്കുന്ന ജീവിതസംഘർഷങ്ങൾ കൂടിയാണ്. ആഗോളവത്കരണത്തിന്റെ തുറന്നിട്ട വാതായനങ്ങൾ ഓരോ വ്യക്തിജീവിതത്തേയും കമ്പോളവത്കരിക്കാൻ തിടുക്കം കൂട്ടുന്നു, അവനാഗ്രഹിച്ചിട്ടല്ലെങ്കിൽ പോലും. അതേല്പിക്കുന്ന സമ്മർദ്ദങ്ങളുടെ ഇടവേളകൾ തേടി മദ്യശാലയിലേയ്ക്കും, വിലകുറഞ്ഞ നേരംപോക്കുകളുടെ കാഴ്ചവട്ടങ്ങളിലേയ്ക്കും, ഒഴുകിപ്പോകുന്ന കുറെപ്പേർ. എന്തിന്, വ്യക്തികളനുഭവിക്കുന്ന മാനസിക സമ്മർദ്ദങ്ങൾ തന്നെ വാണിഭച്ചരക്കായി മാറുന്ന കൗതുകവുമുണ്ടീ കാലത്തിന്. ഒരുകാലത്ത് കമ്പോളത്തിൽ കോടിക്കണക്കിന് കോപ്പികൾ വിറ്റഴിഞ്ഞ ഒരു പുസ്തകമാണ് "ഹൗ റ്റു സ്റ്റോപ്പ് വറീസ് ആന്റ് സ്റ്റാർട്ട് ലിവിംഗ്" (How to stop, worries and start living) ലോകർക്ക് മുഴുവൻ മാനസിക സംഘർഷങ്ങളില്ലാതെ ജീവിക്കാനുള്ള ബുദ്ധിയുപദേശിക്കുന്ന ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ 'ഡെയ്ൽ കാർണേജ്' വ്യക്തിജീവിതത്തിൽ നേരിട്ട സംഘർഷങ്ങൾ അതിജീവിക്കാനാകാതെ ആത്മഹത്യ ചെയ്തു എന്നത് ഈ കാലത്തിന്റെ വിരോധാഭാസമെന്ന് അറിയുക.

"എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു' എന്ന് ക്രിസ്തു ആശംസിക്കുമ്പോൾ അത് ജീവിതത്തിന്റെ ആയാസരഹിതമായ സ്വസ്ഥതയാണെന്ന് അർത്ഥമാക്കരുത്. ക്രിസ്തു സ്വജീവിതം കൊണ്ട് പഠിപ്പിക്കുന്നതും ഈ സ്വാസ്ഥ്യമല്ലല്ലോ. ലോകം തരുന്ന സമാധാനത്തെക്കുറിച്ചല്ല അവൻ പറയുന്നത്. സുവിശേഷങ്ങളിൽ തൊണ്ണൂറ് പ്രാവശ്യമെങ്കിലും സമാധാനത്തെക്കുറിച്ച് പറയുന്നുണ്ട്. അതിൽ എൺപതു വട്ടവും നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ നിന്നും ഉയർന്നുവരേണ്ട ഉറവ തന്നെയാണ് നാം അനുഭവിക്കേണ്ട സ്വാസ്ഥ്യം എന്ന് ക്രിസ്തു പഠിപ്പിക്കുന്നു. സമാധാനം തേടി പുറത്തേയ്ക്കല്ല അകത്തേയ്ക്കു തന്നെ നോക്കാൻ അവനാവശ്യപ്പെടുന്നു.

പ്രസിദ്ധ ശാസ്ത്രജ്ഞനായിരുന്ന ഹെൻറി നോറിസ്സ് റസ്സൽ, പ്രപഞ്ചത്തെക്കുറിച്ച് പഠിപ്പിക്കവെ വിശാലമായ ഈ പ്രപഞ്ചത്തിന്റെ എത്രയോ ചെറിയ ഒരു അംശം മാത്രമാണ് നാം അധിവസിക്കുന്ന ഭൂമി എന്ന് സമർത്ഥിക്കുകയായിരുന്നു. അപ്പോൾ വിദ്യാർത്ഥികളിലൊരുവൻ ചോദിച്ചു. " ഈ പ്രപഞ്ചം അത്ര വിശാലവും ഭൂമി അത്രമേൽ ചെറുതുമാണെങ്കിൽ ഈ കൊച്ചു ഭൂമിയിൽ ജീവിക്കുന്ന നമ്മെ ദൈവം കരുതുന്നു എന്നു പറയുന്നത് വിശ്വസിക്കാനാവുമോ?" റസ്സലിന്റെ മറുപടി ഇപ്രകാരമായിരുന്നു. "എത്ര വലിയ ഒരു ദൈവത്തെയാണ് താങ്കൾ വിശ്വസിക്കുന്നത് എന്നതനുസരിച്ചാണ് താങ്കൾക്കുള്ള മറുപടി".

ഇതുകേട്ട വിദ്യാർത്ഥിയുടെ മറുപടി എന്തായിരുന്നു എന്ന് അറിയില്ല. നാം വിശ്വസിക്കുന്നത് എത്ര വലിയ ദൈവത്തെയാണ് അതിന് അനുസൃതമായി ആ രക്ഷാകരമായ സാന്നിദ്ധ്യബോധത്തിന്റെയും സമൃദ്ധി നമ്മുടെ ഉള്ളിലുണ്ടാകും. എല്ലാ ജീവിത പ്രശ്നങ്ങളുടെ മദ്ധ്യത്തിലും ആ സാന്നിദ്ധ്യമുണ്ടെങ്കിൽ അത് ഇതുവരെയുള്ള നമ്മുടെ മനോഭാവങ്ങളിൽ നിന്ന് വ്യത്യസ്തമായി ജീവിതസാഹചര്യങ്ങളെ നോക്കി കാണാൻ നമ്മെ പരിശീലിപ്പിക്കും. അത് പുതിയ മൂല്യവിശുദ്ധിയുടെ സ്വാസ്ഥ്യം നമുക്ക് പകർന്നുതരുന്ന ഇമ്പങ്ങളിൽ "ഭ്രമിച്ചുപോവുകയോ, കലങ്ങിപ്പോവുകയോ" ഇല്ല.

□

ലേഖനം

# പരിവർത്തനം

**എം. സൈമൺ**

നടന്നു പഴകിയ വഴികൾക്കും ശീലിച്ചുപോന്ന രീതികൾക്കും മാറ്റം വരുമ്പോഴാണ് പരിവർത്തനം സംഭവിയ്ക്കുന്നത്. അത് ചിന്തയിലും ദർശനത്തിലും ഉൾക്കാഴ്ചയിലും സ്വഭാവത്തിലും പെരുമാറ്റത്തിലും സംഭവിക്കാം. പ്രത്യേക സാഹര്യങ്ങളോ, നല്ല മനുഷ്യരുമായുള്ള സംസർഗ്ഗമോ ഇന്നലെ വരെ നാം നടന്നുപോന്ന വഴികളിലെ കുറവുകളിലേയ്ക്ക് വെളിച്ചം വീശാൻ ഉപകരിച്ചെന്നു വരും. ആ പ്രകാശം ഉപയോഗപ്പെടുത്തുന്നവനേ താൻ എന്താണെന്നും എന്തായിരിയ്ക്കേണ്ടിയിരുന്നെന്നുമുള്ള അവസ്ഥകളിലെ അന്തരം തിരിച്ചറിയാനാവൂ. അത് ചിലപ്പോൾ സ്വർഗ്ഗത്തിലെ മാലാഖമാരും അവിടെ നിന്ന് പുറംതള്ളപ്പെട്ട് ഭൂമിയിൽ നിപതിച്ച മാലാഖമാരും തമ്മിലുള്ളതുപോലെ വ്യത്യസ്തമാണെന്ന് കണ്ടെത്താം. ആ തിരിച്ചറിവിനെയാണ് ജ്ഞാനം എന്ന് പറയുന്നത്. അവനവനെക്കുറിച്ചുള്ള അറിവാണ് ജ്ഞാനത്തിലേയ്ക്കുള്ള വാതിൽ എന്ന് കൺഫ്യൂഷ്യസ് പറഞ്ഞത് അതുകൊണ്ടാണ്. ദൈവത്തെ അറിയണമെങ്കിൽ ആദ്യം നീ നിന്നെത്തന്നെ അറിയണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തന്നിലെ മാലിന്യങ്ങളും വൈകൃതങ്ങളും കണ്ടെത്തിയിട്ടും ഒരു പരിവർത്തനത്തിനു ശ്രമിയ്ക്കാൻ പലർക്കും കഴിയുന്നില്ല. ഇന്നലെകളിലെ രീതികൾക്ക് അവർ അത്രമാത്രം അടിമപ്പെട്ടുകഴിഞ്ഞു. "ശരിയായി മധുരിച്ചിടും സ്വയം പരിശീലിപ്പൊരു കൈപ്പുതാനുമെ" എന്ന് കുമാരനാശാൻ പാടിയത് ഇവരെക്കുറിച്ചാണ്. ഇന്നലെ വരെ തനിയ്ക്കു ചുറ്റും നിന്നവരെ വേദനിപ്പിച്ചും കരയിച്ചും താൻ ആസ്വദിച്ച സുഖഭോഗങ്ങൾ വെറും മിഥ്യയായിരുന്നു എന്ന തിരിച്ചറിവിൽ നിന്ന് തുടങ്ങുന്ന തിരുത്തലാണ് പരിവർത്തനം എന്നു പറയുന്നത്. ഇറച്ചിവെട്ടുകാരൻ മറ്റുള്ളവരിലെ വൃണങ്ങളെ കീറിമുറിച്ച് സുഖപ്പെടുത്തുന്ന സർജനായിത്തീരുന്നതുപോലെയുള്ള മാറ്റമാണ് പരിവർത്തനം കൊണ്ട് ഉണ്ടാകേണ്ടത്. അങ്ങനെ പരിവർത്തനപ്പെടുമ്പോഴാണ് പുതിയ സൃഷ്ടിയാകുന്നത്. അതുതന്നെയാണ് വീണ്ടും ജനനമെന്ന് പറയുന്നതും. പരിശുദ്ധാത്മാവിന്റെ അദൃശ്യമായ ഇടപെടലിലൂടെയാണ് അത് സംഭവിയ്ക്കുന്നത്. ദൈവം ഒരാളെ നന്നാക്കാൻ ഉദ്ദേശിച്ചാൽ ആദ്യം അവന് പരിശുദ്ധാത്മ ദാനത്തിലൂടെ സ്വന്തം തെറ്റുകളിലേയ്ക്ക് ഉൾക്കാഴ്ച നൽകുന്നു. പാപിനിയായ സ്ത്രീയും ചുങ്കക്കാരൻ സഖായിയും വി: പൗലോസും എല്ലാം ഈ പരിവർത്തനത്തിന് വിധേയരായവരാണ്.

ദൈവം ശരീരം ധരിച്ച് മനുഷ്യനായി അവതരിച്ചത് ദൈവീക തേജസിന്റെ വെൺമയുള്ള മനോഹര വസ്ത്രം മനുഷ്യനെവീണ്ടും അണിയിയ്ക്കാനാണ്. ദൈവത്തെ അറിയുവാനും അവന്റെ കൽപനകളാകുന്ന വചനങ്ങൾ പാലിച്ച് അവനെ ആരാധിയ്ക്കാനും അതുവഴി നിത്യജീവൻ പ്രാപിയ്ക്കാനുമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ആയിരം മരണങ്ങൾ കണ്ടാലും തന്റെ ആയുസ്സ് അനന്തമാണെന്ന് ഭാവിയ്ക്കുന്നവർ നന്മകളെല്ലാം നാളെയിലേയ്ക്ക് മാറ്റിവയ്ക്കുന്നു. എന്നാൽ കാലം ആർക്കുവേണ്ടിയും കാത്തുനിൽക്കാതെ കടന്നുപോകും. ഇരുപതാം വയസ്സിലെ വീക്ഷണമാണ് അൻപതാം വയസ്സിലും എങ്കിൽ മുപ്പതു വർഷം അയാൾ പാഴാക്കിക്കളഞ്ഞു എന്നർത്ഥം. ഓരോ ശ്വാസനിശ്വാസങ്ങളും മനുഷ്യന്റെ ആയുസ്സ് കുറച്ചുകൊണ്ടിരിയ്ക്കും. ഇന്നലെകളെ ആർക്കും മടക്കി വരുത്താനാവില്ല. നാളെയെന്തെന്ന് അറിയാനും കഴിയില്ല. അതുകൊണ്ട് ഇന്ന് എന്ന യാഥാർത്ഥ്യത്തെ അർത്ഥപൂർണ്ണമാക്കുകമാത്രമാണ് മനുഷ്യന് ചെയ്യാൻ കഴിയുക.

നിങ്ങൾ നിങ്ങളിൽ വിശ്വസിയ്ക്കാൻ തുടങ്ങുമ്പോഴാണ് എങ്ങനെയാണ് ജീവിക്കേണ്ടതെന്ന കാര്യം പഠിക്കുന്നത്. ശരി എന്താണെന്ന് അറിഞ്ഞിട്ടും അതു ചെയ്യാൻ കൂട്ടാക്കാത്തവൻ പാപം ചെയ്യുന്നുവെന്ന് യാക്കോബ് 4:16 ൽ പറയുന്നു. അതുകൊണ്ട് ഇന്നലെയിൽ നിന്ന് പഠിയ്ക്കൂ. അതിന്റെ തിരിച്ചറിവിൽ തിരുത്തേണ്ടവ ഇന്നു തന്നെ ഉപേക്ഷിക്കുക. നാളെയിൽ പ്രതീക്ഷ വയ്ക്കുക. ഉപേക്ഷിച്ചവ പലതും ഇന്നലെവരെ നമുക്ക് ലഹരിയും സുഖവും പകർന്നുതന്നവയാകാം. ജീവൻ നിലനിർത്താൻ യോനാ കയറിയ കപ്പലിലെ വിലപ്പെട്ട പലതും കടലിൽ എറിഞ്ഞു കളഞ്ഞില്ലേ? ദൈവത്തെ അറിയുന്നവൻ അയൽക്കാരനെസ്നേഹിക്കും. അയൽക്കാരന് നീ നൽകുന്ന ഒരു ചെറു പുഞ്ചിരി മികച്ച ദാനധർമ്മമായും പ്രീതികരമായ പ്രാർത്ഥനയായും ദൈവം കണക്കിടുമെന്ന് ഖുറാനിൽ പറയുന്നു. ദൈവത്തോടടുക്കുന്തോറും എന്നിലെ ഞാനെന്ന പുറംചട്ട അഴിഞ്ഞുതുടങ്ങും. പകരം 'നമ്മൾ' എന്ന ഭാവം രൂപം കൊള്ളും. അപ്പോഴാണ് സഹോദരന്റെ സന്തോഷവും സന്താപവും നമുക്കു സ്വന്തമാകു

ലേഖനം

# ദർശനങ്ങൾ ഇല്ലാതാകുമ്പോൾ

ഫാ. എ. എം. ഉലഹന്നാൻ ഏറാടിക്കുന്നേൽ

**“വെളിപാട് ഇല്ലാത്തിടത്ത് ജനം മര്യാദവിട്ടു നടക്കുന്നു; ന്യായപ്രമാണം കാത്തുകൊള്ളുന്നവനോ ഭാഗ്യവാൻ”.** (സദൃ. 29:18)

ഈ വാക്യത്തിന്റെ ആദ്യപകുതി ഇംഗ്ലീഷ് വേദപുസ്തകത്തിൽ ഇങ്ങനെയാണ്. മലയാളത്തിൽ ഇത് തർജ്ജമയെക്കാൾ കൂടുതൽ വ്യാഖ്യാനമാണ് എന്നു തോന്നുന്നു. “ദർശനമില്ലാത്തിടത്ത് ജനത നശിക്കുന്നു” എന്ന് നമുക്കിത് തർജ്ജമ ചെയ്യാം.

ദൈവീകബന്ധത്തെക്കാൾ നല്ലത് സ്വയം ദൈവമായി തീരുന്നതാണ് എന്നു ചിന്തിച്ച ആദിമനുഷ്യൻ മുതൽ നമ്മിൽ ഓരോരുത്തരുടേയും ചരിത്രംവരെ വ്യാപിച്ചു നിൽക്കുന്നു എന്നതാണ് ഈ വാക്യത്തിന്റെ പ്രസക്തി. സദൃശ്യവാക്യ കർത്താവ് ഇങ്ങനെ എഴുതുമ്പോൾ, ആദിമനുഷ്യൻ മുതൽ യഹൂദവർഗ്ഗത്തിന്റെ ചരിത്രം മുഴുവനായി മനസ്സിൽ കണ്ടിരിക്കാം. കാരണം, സർവ്വകാലത്തേയും ജ്ഞാനത്തെ കടന്നു നിൽക്കുന്നതായിരുന്നല്ലോ ശലോമോന്റെ ജ്ഞാനം. ആദിമനുഷ്യന് ദൈവവുമായുള്ള ബന്ധം വ്യക്തിപരമായിരുന്നു. ഒരു സ്നേഹിതനെപ്പോലെ അടുത്തിടപ്പെടുകയും പെരുമാറുകയും ചെയ്യുന്ന ദൈവം. ഈ ദൈവീകദർശനം നഷ്ടപ്പെട്ടപ്പോൾ അവനു നഷ്ടമായത് പറുദീസാവാസമാണ്. കിട്ടിയത്, മുള്ളും പാറക്കാരയും നിറഞ്ഞ ലോകത്തിലെ വിയർപ്പൊഴുക്കിയുള്ള മരണവിധേയമായ ജീവിതവും. ദർശനമില്ലാത്തേടത്ത് നശിച്ച ആദ്യജീവിതം. പിന്നീടിങ്ങോട്ടുള്ള യഹൂദവർഗ്ഗത്തിന്റെ ചരിത്രം മുഴുവനും ദൈവീകദർശനത്തിൽ തളിർക്കുകയും ദർശന നഷ്ടത്തിൽ നശിക്കുകയും ചെയ്യുന്ന ഒരു ചരിത്രമാണ്.

കാലത്തെ അതിശയിപ്പിക്കുന്ന യുഗസ്രഷ്ടാക്കളുടെ ദർശനമാണ് പ്രാചീന സംസ്കാരങ്ങൾക്കെല്ലാം ആധാരമായത്. പാപം ചെയ്തു ദർശനം നഷ്ടപ്പെട്ട ആദാമിനും ഭാര്യയ്ക്കും ദൈവം നൽകിയ ഒരു ശിക്ഷയായിരുന്നു ഭരിക്കാനും ഭരിക്കപ്പെടാനുമുള്ള വിധി. അന്ന് വ്യക്തികളിൽ തുടങ്ങിയ ആഭരണമോഹം, പിൽ കാലത്ത് ഒരു സാമൂഹ്യാചാരമായി മാറി. ലക്ഷ്യബോധത്തിന്റെയും ആ ത്യന്തികസത്യങ്ങളുടേയും ദർശനങ്ങൾക്കുനേരെ, വിഷപാത്രം മുതൽ മരക്കുരിശുവരെ ഭരിക്കാൻ വേണ്ടി ജനിച്ചവൻ ഒരുക്കിവച്ചു. പാത്രങ്ങളിൽ നിറയ്ക്കുന്ന വിഷത്തിനു പകരം ഇന്നു വാതകരൂപത്തിലുള്ള വിഷമാണെന്നുമാത്രം വ്യത്യാസം. പക്ഷേ, ഏതുതരത്തിലുള്ള വിഷത്തെയും കുരിശിനെയും അതിജീവിച്ച് നിലനിൽക്കുന്ന മൂല്യങ്ങളും

ന്നത്. പരിവർത്തനം നടന്നുകഴിഞ്ഞാൽ ലോകത്തിന്റെ സുഖഭോഗങ്ങളെ ത്യജിച്ച് സ്വയം ശൂന്യവൽക്കരിച്ച് ദൈവത്തോടുള്ള അകലം ഇല്ലാതാക്കലിന്റെ പണിപ്പുരയിലായിരിയ്ക്കും. കാരണം ലോകത്തോടുള്ള മൈത്രി ദൈവത്തെ ശത്രുവാക്കുമെന്ന് യാക്കോബ് 4:4 ൽ പറയുന്നുണ്ട്. അല്പം ദയയെങ്കിലും മനസ്സിലുള്ളവർക്കേ മറ്റുള്ളവരുടെ ദു:ഖത്തിൽ പങ്കുചേരാൻ കഴിയൂ. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിയ്ക്കണമെന്ന സുപ്രധാന ദൈവകൽപന എല്ലാവരും പാലിച്ചാൽ ഭൂമിയിൽ ദൈവരാജ്യം വന്നു ചേരും. പ്രസിദ്ധ ചിന്തകൻ ‘ലാവോത്സു’ പറഞ്ഞത് “വാക്കുകളിലെ ദയ ആത്മവിശ്വാസം പകർന്നുതരും. ചിന്തയിലെ ദയ നമ്മെ വിനയമുള്ളവനാക്കും. ദാനത്തിലെ ദയ സ്നേഹം മടക്കിതരും” എന്നാണ്.

ഒരുവനെ പരിവർത്തനപ്പെടുത്തി പുതിയ മനുഷ്യനാക്കുക എന്നതിൽ സഭയ്ക്ക് വലിയ പങ്കുണ്ട്. സഭയെന്നുള്ളത് കേവലം സ്ഥാവരജംഗമ വസ്തുക്കളുടെ കണക്കു സൂക്ഷിയ്ക്കുന്ന പ്രസ്ഥാനമോ പാരമ്പര്യ അനുഷ്ഠാനങ്ങൾ ചെയ്തു തീർക്കുന്നവരുടെ കൂട്ടായ്മയോ അല്ല. ദൈവസ്നേഹത്തിന് വിഘാതമാകുന്ന ഹൃദയ വൈകല്യങ്ങളെ ചികിത്സിച്ച് ഭേദമാക്കുന്ന ആതുരാലയമാവണം സഭ. സഭ ഒരു അദൃശ്യ പോരാട്ടത്തിന്റെ രംഗവേദിയാണ്. തിന്മയോടുള്ള നിരന്തര സമരമാണത്. കേവലം നല്ല മനുഷ്യരാക്കുക എന്നതിനപ്പുറം ക്രിസ്തീകരണം നേടിയവരാക്കുക എന്നതായിരിയ്ക്കണം സഭയുടെ ലക്ഷ്യം. എന്നാൽ ഇന്ന് പള്ളിമുറ്റത്തും തെരുവോരത്തും അധികാരങ്ങൾക്കുവേണ്ടി പരസ്പരം പോരടിച്ച് സ്വയം വിശുദ്ധരെന്ന് അഭിമാനിയ്ക്കുന്ന സഭാമക്കളെച്ചൊല്ലി, അന്ന് യരുശലേമിനെയും കോറസിനെയും ഓർത്ത് കരഞ്ഞ കർത്താവ് ഇന്നും കണ്ണുനീർ വാർത്തുകൊണ്ടിരിയ്ക്കുന്നു. ആ കണ്ണുനീരൊപ്പാൻ കഴിവുള്ള നേതൃനിര സഭയിലുണ്ടാകട്ടെയന്ന് നമുക്ക് പ്രാർത്ഥിയ്ക്കാം.

☐

സത്യങ്ങളും ഉണ്ട്. മഹാമനീഷികളുടെ ദർശനത്തിൽ രൂപം കൊണ്ട ആ മൂല്യങ്ങളും സത്യങ്ങളും ഇനിയും നിലനിൽക്കും. കാരണം ഏതു നശീകരണ തരംഗങ്ങൾക്കും അപ്പുറം പോകുന്നവയായിരുന്നു ആ ആചാര്യന്മാരുടെ ദർശനം. ഏതു ശാപത്തിനും ഒരു ശാപമോക്ഷവും കൂടി വിധിക്കുന്ന പൗരസ്ത്യ വേദചിന്തയിലും നിഴലിക്കുന്നത് ഇതുതന്നെയാണ്. കാരണം പൗരസ്ത്യ വേദാചാര്യന്മാരും മനസ്സിലാക്കിയിരുന്നു, ദർശനം ഇല്ലാത്തിടത്ത് ജനം നശിക്കുന്നു എന്ന്.

ആധുനിക കാലത്ത്, ദർശനമില്ലായ്മ മൂലം തകരുന്ന മറ്റൊരു മണ്ഡലം രാഷ്ട്രീയത്തിന്റെതാണ്. നേതൃത്വത്തിന്റെ ദീർഘവീക്ഷണമില്ലായ്മമൂലം നശിക്കുന്നത് സാധാരണ മനുഷ്യന്റെ ജീവിക്കാനുള്ള അവകാശമാണ്. രാഷ്ട്രീയ “ഇമ്പങ്ങൾ”ക്കപ്പുറം നിൽക്കുന്ന മനുഷ്യനെ കാണാൻ മാത്രം ദൂരത്തിൽ, നേതാക്കളുടെ ദർശനം എത്തിച്ചേരുന്നില്ല. അഥവാ കണ്ടാലും തങ്ങൾ ക്കു മുകളിലുള്ളവരെ മാത്രമേ കാണുകയുള്ളൂ; താഴെയുള്ളവരെ കാണാൻ ശ്രമിക്കാറില്ല. മുകളിലേക്കുമാത്രം ബാധകമായ “സമത്വ”സങ്കൽപമാണ് അവരുടേത്. അതും വളരെ ചുരുങ്ങിയ ഒരു കാലയളവിൽ ഒതുങ്ങിനിൽക്കുന്ന വീക്ഷണം. ഇപ്പോഴും വിഷൻ 2020 വരെ മാത്രമേ നമുക്ക് സങ്കൽപിക്കാൻ കഴിയൂ. അതിനപ്പുറമുള്ള ലോകക്രമത്തെക്കുറിച്ചു സങ്കൽപിക്കാൻ നമ്മൾ പഠിച്ചിട്ടില്ല.

മറ്റൊരു കാര്യം, ആഹാബിന്റേയും ഇസബേലിന്റേയും കാലത്തുമാത്രമല്ല, ഏതുകാലത്തും നാബോത്തിന്റെ മുന്തിരിത്തോപ്പുകൾ ഭരണനേതൃത്വത്തിന്റെ ദൗർബല്യമായിരുന്നു. ഇന്നത്തെചുറ്റുപാടിൽ കൂടുതൽ വിശദീകരിക്കുന്നില്ല. ഇതിന്റെയെല്ലാം ആത്യന്തികഫലം, രാഷ്ട്രീയസംഘടനകളിൽ ജനത്തിനുള്ള വിശ്വാസം തകരുന്നു എന്നതാണ്. ദർശനമില്ലാത്തിടത്തു ജനത നശിക്കുന്നു.

വിദ്യാഭ്യാസമേഖലയിലെ ദർശനമില്ലായ്മ നശിപ്പിക്കുന്നത് നമ്മെ മാത്രമല്ല, വരാനിരിക്കുന്ന തലമുറകളേയും അതുവഴി നാളത്തെ ലോകത്തെത്തന്നെയുമാണ്. കുറെ വസ്തുതകൾ പഠിക്കുന്ന വിവരശേഖരണത്തിന്റെ പ്രക്രിയ മാത്രമായി വിദ്യാഭ്യാസം കണക്കാക്കപ്പെടുന്നു. സമഗ്രമായ ഒരു ജീവിതവീക്ഷണം രൂപപ്പെടുത്താൻ ഇന്നത്തെ വിദ്യാഭ്യാസം ഉപകരിക്കുന്നില്ല. അതുകൊണ്ടാണ്, “വിദ്യാഭ്യാസം കൊണ്ടു കള്ളനെ നല്ലവനാക്കാൻ കഴിയില്ല; പഠിച്ച കള്ളനാക്കാനേ കഴിയൂ” എന്ന് പറയുന്നത്. വിദഗ്ദ്ധ തൊഴിലാളിയേയും കൈത്തൊഴിൽ നിപുണരേയും, സവിശേഷജ്ഞാനികളേയും രൂപപ്പെടുത്തിയെടുക്കുന്ന പണിശാലകൾ ആയി വിദ്യാഭ്യാസസ്ഥാപനങ്ങൾ മാറി. ഭാഷ, സംസ്കാരം, കല, സാഹിത്യം ഇവയെല്ലാം അവഗണിക്കപ്പെടുന്നു. ഇന്നലെകളെ അറിയാതെ ഇന്നിനെ അറിയാതെ നാളെയെക്കുറിച്ചു ബോദ്ധ്യങ്ങളില്ലാതെ, യന്ത്രസമാന വ്യക്തിയായി ഓരോ കുട്ടിയും പുറത്തുവരുന്നു. ഒരു നിമിഷം വിശ്രമമില്ലാതെ പകൽ മുഴുവൻ അദ്ധ്വാനിച്ച് നേടുന്നതു മുഴുവൻ പകലന്ത്യത്തിൽ ധൂർത്തടിച്ചു തീർക്കുന്ന ഒരു യന്ത്രമനുഷ്യൻ.

ധനസമ്പാദനത്തിലേക്കുള്ള ഒരു വഴിയായി വിദ്യാഭ്യാസത്തെ കാണുമ്പോഴാണ് അത് ചീർപ്പിക്കുന്ന അറിവായി പോകുന്നത്. (1. കൊരി. 8:1) ജീവിതസത്യങ്ങളേയും ജീവിതാതീതമായ ദൈവിക സത്യങ്ങളേയും ബോദ്ധ്യപ്പെടുത്തുന്ന അറിവാണ് സ്വതന്ത്രമാക്കുന്ന അറിവ്. (യോഹ. 8:32) എന്നിലെ എന്നേയും എന്നിലെ ദൈവത്തെയും ഞാനും ഭാഗമായിരിക്കുന്ന ഈ പ്രപഞ്ചത്തേയും അതിന്റെ ഗംഭീര സൗന്ദര്യത്തേയും അറിയാൻ സഹായിക്കുമ്പോഴേ വിദ്യാഭ്യാസം അർത്ഥപൂർണ്ണമായി തീരുകയുള്ളൂ. അതു യാഥാർത്ഥ്യമായിത്തീർന്നില്ലെങ്കിൽ ഇന്നത്തേതു മാത്രമല്ല, നാളത്തെ ജനതയും നശിക്കുന്നു.

ദർശനമില്ലായ്മ ഏറ്റവും മാരകമായി തീരുന്നതു മതവിശ്വാസത്തിന്റെ കാര്യത്തിലാണ്. മതനിരപേക്ഷമായി ചിന്തിക്കാൻ പോലും കഴിയാത്തത്ര ആഴത്തിൽ അതു നമ്മെ കീഴടക്കിയിരിക്കുന്നു. അതുകൊണ്ടു തന്നെ നേതൃത്വത്തിന്റെ ദർശനമില്ലായ്മ ഏറ്റവും വലിയ ഏറ്റുമുട്ടലുകളിലേക്കു നയിക്കും. മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിലെ രക്തരൂക്ഷിതമായ ഏറ്റുമുട്ടലുകൾക്കെല്ലാം തന്നെ, മതനേതൃത്വത്തിന്റെ ദർശനമില്ലായ്മ കാരണമായിട്ടുണ്ട്. മതബോധം അടച്ച പാത്രത്തിലെ ആവിശക്തിപോലെയാണ്. വിവേകത്തോടെ ഉപയോഗിച്ചാൽ യന്ത്രങ്ങൾ പ്രവർത്തിക്കാൻ കഴിയുന്ന അതേ ശക്തികൊണ്ടുതന്നെ പൊട്ടിത്തെറിയും നാശവും വരുത്തുവാനും കഴിയും.

ആധുനിക മനുഷ്യന്റെ തിരക്കിട്ട ജീവിതത്തിൽ വിശ്വാസം, യാന്ത്രികമായ ചില അനുഷ്ഠാനങ്ങളും പ്രകടനങ്ങളും മാത്രമായി തരംതാണു. ക്രിസ്തുമതം അംഗീകൃതമതമായി സ്വീകരിക്കപ്പെട്ടതു മുതൽ അതു ഭരണവർഗ്ഗത്തോട് ഒട്ടിനിൽക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ദർശനമില്ലാത്ത നേതൃത്വം ഭരണത്തിൽ ഒട്ടിനിന്നുകൊണ്ട് കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്ന ‘വിശ്വാസികളെ’യാണ് സൃഷ്ടിക്കുന്നത്. ഇത്തരം വിശ്വാസികളെയാണ് പ്രസിദ്ധമായ ഷിക്കാഗോ പ്രസം

RNI No. KERMAL/2012/46014 | Date of Publication 15-3-2018 | Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 | Price Rs. 10/- | Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

ഗത്തിൽ സ്വാമി വിവേകാനന്ദൻ കൂപമണ്ഡൂകങ്ങൾ എന്നു വിശേഷിപ്പിച്ചത്. ദീർഘവീക്ഷണവും വീക്ഷണ വിശാലതയുമില്ലാത്ത നേതൃത്വത്തിനുകീഴിൽ 'വിശ്വാസികളിൽ' നിറയുന്നത് സ്നേഹത്തിന്റെയും സമഭാവനയുടേയും പരസ്പര അംഗീകാരത്തിന്റെയും സ്ഥാനത്ത് വെറുപ്പും വിദ്വേഷവും ആക്രമണ-നശീകരണ വാസനകളും ആയിരിക്കും. അതുകൊണ്ടാണ് ദൈവാത്മാവ് വ്യാപരിക്കുന്ന സമൂഹത്തിന്റെ ലക്ഷണമായി പത്രോസ് ശ്ലീഹാ യോവേൽ പ്രവചനം ഉദ്ധരിക്കുന്നത്. സകല ജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും (യോവേൽ. 2:28,29).

ഒരു കാര്യവും കൂടി സൂചിപ്പിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ. ഓരോ വ്യക്തിയുടെയും-പ്രത്യേകിച്ച് നേതൃത്വത്തിലുള്ളവരുടെ ദർശനം ദീർഘവും വിശാലവും ആയിത്തീരുമ്പോൾ ഈ ലോകം സൃഷ്ടിയിലെന്ന പോലെ അതിന്റെ ആദ്യാവസ്ഥയിലേക്കെത്തും. ഓരോന്നും കാണുമ്പോൾ 'നല്ലത്' എന്നു പറയാൻ നമുക്ക് കഴിയും. അപ്പോൾ ഓരോ വ്യക്തിയുടെയും ജീവിതം സംതൃപ്തമായിതീരും. അത് ഭൗതികനേട്ടങ്ങൾ നൽകുന്ന താൽക്കാലിക സംതൃപ്തിയല്ല. എന്നും നിലനിൽക്കുന്ന സംതൃപ്തിയാണ്.

ഭൗതിക നേട്ടങ്ങളിൽ സംതൃപ്തി കണ്ടെത്തുന്നവർ, നേട്ടങ്ങളുടെ മതിൽ കെട്ടുകൾ ഉയർന്ന് അതിരിട്ടു നിൽക്കുന്ന ഇടുങ്ങിയ വഴിയിലൂടെ നടന്നു നീങ്ങുന്നവരാണ്. മതിൽകെട്ടിനുള്ളിൽ നിൽക്കുമ്പോൾ കിട്ടുന്ന വിശാലതയേ അവരുടെ കാഴ്ചപ്പാടിനുള്ളൂ. വിശാലമായ ലോകം കാണണമെങ്കിൽ ശിരസ്സു മതിൽകെട്ടിനുമുകളിൽ ഉയർന്നു നിൽക്കണം. അപ്പോൾ ചെന്നെത്താൻ ലക്ഷ്യമിടേണ്ട വിദൂരവും വിശാലവുമായ ലോകം കാണാം. എവിടെ നിൽക്കുന്നു എന്നതിനുപരി എവിടെവരെ എത്താം എന്നു കാണാൻ കഴിയണം. അദ്ധ്വാനിക്കാനും ധനം നേടാനും ഉള്ള അവസരം മാത്രമാണ് ജീവിതം എന്ന കാഴ്ചപ്പാടുമാറി, മഹത്തായത്-പൂർണ്ണമായത്-ലക്ഷ്യം വയ്ക്കാനും അടുത്തുചെല്ലാനും പ്രേരണ നൽകുന്ന ദിവ്യദർശനം ഓരോ വ്യക്തിയിലും ഉണ്ടാകുമ്പോൾ വ്യക്തികൾ സന്തുഷ്ടരാകും; ലോകം സന്തുഷ്ടമാകും. അപ്പോൾ യോവേൽ പ്രവാചകനേയും കടന്ന് യെശയ്യായോടൊപ്പം നമുക്കും ഈ ദർശനം പങ്കുവയ്ക്കാൻ കഴിയും. "ചെന്നായ് കുഞ്ഞാടിനോടുകൂടെ പാർക്കും.... ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല" (യെശയ്യ. 11:6-9).

## കണ്ടനാട് ഈസ്റ്റ് ഭദ്രാസനദിനം ഏപ്രിൽ 15 ന്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനദിനാഘോഷം 2018 ഏപ്രിൽ 15 ഞായറാഴ്ച ഭദ്രാസന കുടുംബസംഗമത്തോടെ ആഘോഷിക്കും. മൂവാറ്റുപുഴ അരമന അങ്കണത്തിൽ വച്ച് നടക്കുന്ന പരിപാടിയിൽ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്ന് വിശ്വാസികൾ കുടുംബസമേതം സംബന്ധിക്കും. പരിപാടിയിൽ പരി. കാതോലിക്കാബാവയും സഭയിലെ മെത്രാപ്പോലീത്താമാരും മറ്റ് വിശിഷ്ടാതിഥികളും സംബന്ധിക്കും. ഈ പരിപാടിയോടനുബന്ധിച്ച് ഇടവകയിൽ നിന്ന് സമാഹരിച്ച ഭദ്രാസന നിധി സദസ്സിൽ വച്ച് ഇടവക പ്രതിനിധിയിൽ നിന്ന് സ്വീകരിക്കും. ഭദ്രാസന സെക്രട്ടറിക്കൊപ്പം കൊച്ചുപറമ്പിൽ വന്ദ്യ ഗീവർഗീസ് റമ്പാൻ ജനറൽ കൺവീനറായി വിവിധ കമ്മിറ്റികളും പരിപാടികളുടെ വിജയത്തിനായി മേഖലായോഗങ്ങളും ക്രമീകരിച്ചു വരുന്നു. ഭദ്രാസനദിനം സംബന്ധിച്ച വിശദമായ പ്രോഗ്രാം അഭി. മെത്രാപ്പോലീത്തായുടെ കല്പനയോടുകൂടി ഇടവകപ്പള്ളികൾക്ക് എത്തിച്ചു കൊടുക്കുന്നതാണ്.

## ഫാ. ജോൺസൺ പുറ്റാനിൽ എം.ഒ.സി. സ്കൂൾ ബോർഡ് സെക്രട്ടറി



മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ വിദ്യാഭ്യാസ ഏജൻസിയായ എം.ഒ.സി. സ്കൂൾ ബോർഡിന്റെ സെക്രട്ടറിയായി ഫാ. ജോൺസൺ പുറ്റാനിലിനെ പരി. കാതോലിക്കാബാവ നിയമിച്ചു. പരി. കാതോലിക്കാബാവ അദ്ധ്യക്ഷനും അഭി. ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത മാനേജരുമായുള്ള സമിതിയാണ് സഭയുടെ എല്ലാ സ്കൂളുകളുടെയും ഭരണനിർവ്വഹണം നടത്തുന്നത്. ബഹു. അച്ചനെ ഈ പുതിയ നിയമനത്തിൽ ഡയോസിസൻ ബുള്ളറ്റിൻ അനുമോദിക്കുകയും അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

### ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

| | | |
|---|---|---|
| 1 വർഷത്തേക്ക് | – | 100 രൂ. |
| ആയുഷ്ക്കാലം | – | 1000 രൂ. |
| വിദേശത്ത് | – | 6000 രൂ. (100 ഡോളർ) |

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha